2024 SEPTEMBER
10
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# നാവിക സേനക്കായി രണ്ട് അന്തർവാഹിനികൾ നീറ്റിലിറക്കി കൊച്ചിൻ ഷിപ്യാഡ് ലിമിറ്റഡ്

**കൊച്ചി:** നാവിക സേനയ്ക്കു വേണ്ടി നിർമിച്ച 2 അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പലുകൾ (ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് എഎസ് ഡബ്ല്യു എസ്ഡബ്ല്യുസി) കൊച്ചിൻ ഷിപ്യാഡ് നീറ്റിലിറക്കി. തിങ്കളാഴ്ച രാവിലെ 8.40ന് വിജയ ശ്രീനിവാസ് കപ്പലുകൾ നീറ്റിലിറക്കുന്ന ചടങ്ങ് നിർവഹിച്ചു. ദക്ഷിണ നാവികസേന ഫ്ലാഗ് ഓഫീസർ കമാൻഡിംഗ്ഇൻചീഫ് വൈസ് അഡ്മിറൽ വി ശ്രീനിവാസ്, എവിഎസ്എം എൻ എം മുഖ്യതിഥിയായി. കൊച്ചിൻ ഷിപ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ, കൊച്ചിൻ ഷിപ്യാർഡ് ഡയറക്ടർമാർ, ഇന്ത്യൻ നേവിയുടെ മുതിർന്ന ഉദ്യോഗസ്ഥർ, ക്ലാസിഫിക്കേഷൻ സൊസൈറ്റി പ്രതിനിധികൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഇന്ത്യൻ നാവികസേനയുടെ കരുത്ത് വർധിപ്പിക്കുന്ന എട്ട് അന്തർവാഹിനി ആക്രമണ പ്രധിരോധ കപ്പലുകളാണ് കൊച്ചിൻ ഷിപ്യാഡ് നിർമിച്ചു നൽകുന്നതെന്ന് കൊച്ചിൻ ഷിപ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ പറഞ്ഞു. 'മികച്ച ടെക്നീഷ്യന്മാരുടെ മേൽനോട്ടത്തിൽ അതിനൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് കപ്പലുകൾ നിർമിക്കുന്നത്. പൂർണമായും സജ്ജമാകുന്ന അന്തർവാഹിനി ആക്രമണ പ്രധിരോധ കപ്പലുകൾ നാവികസേനയുടെ ഭാഗമാകുന്നതോടെ, ആഗോളതലത്തിൽ കൊച്ചി കപ്പൽ നിർമാണശാലയുടെ പ്രവൃത്തികൾക്ക് മുന്നേറ്റമുണ്ടാക്കാനാകും. യൂറോപ്പിലുൾപ്പടെയുള്ള രാജ്യങ്ങളിലേക്ക് കപ്പൽ നിർമാണ സാമഗ്രികൾ കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.' അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ നാവികസേനയുടെ പ്രതിരോധ ശക്തി വർധിപ്പിക്കുന്നതിൽ കൊച്ചിൻ ഷിപ്യാർഡിനു നിർണായക പങ്കുണ്ടെന്നു ദക്ഷിണ നാവികസേന ഫ്ലാഗ് ഓഫീസർ കമാൻഡിംഗ്ഇൻചീഫ് വൈസ് അഡ്മിറൽ വി ശ്രീനിവാസ് പറഞ്ഞു. 'കാലങ്ങളായി നാവിക സേനയ്ക്ക് ആവശ്യമായ കപ്പലുകളും മറ്റു ഉപകരണങ്ങളും കൊച്ചിയിലെ കപ്പൽ നിർമാണശാലയിലൂടെയാണ് പൂർത്തീകരിക്കുന്നത്. നിലവിലെ ആഗോള രാഷ്ട്രീയ സംഭവവികാസങ്ങൾകൂടി കണക്കിലെടുത്താണ് നാവികസേന പ്രതിരോധ ശക്തി വർധിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി, ആഗോള നിലവാരത്തിലുള്ള 6 വരുംതലമുറ മിസൈൽ കപ്പലുകൾ (നെക്സ്റ്റ് ജനറേഷൻ മിസൈൽ വെസ്സൽ) നിർമിക്കാനും ധാരണയായി.' അദ്ദേഹം പറഞ്ഞു




നാവിക സേനയ്ക്കു വേണ്ടി കൊച്ചിൻ ഷിപ്യാഡ് നിർമിച്ച 2 അന്തർവാഹിനി ആക്രമണ പ്രതിരോധ കപ്പലുകൾ നീറ്റിലിറക്കുന്ന ചടങ്ങ് വിജയ ശ്രീനിവാസ് നിർവഹിക്കുന്നു. കൊച്ചിൻ ഷിപ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ് നായർ, ഭാര്യ കെ. രമിത, ദക്ഷിണ നാവികസേന ഫ്ളാഗ് ഓഫീസർ കമാൻഡിംഗ്ഇൻ ചീഫ് വൈസ് അഡ്മിറൽ വി ശ്രീനിവാസ്, റിയർ അഡമിറൽ സന്ദീപ് മേത്ത എന്നിവർ സമീപം.

അന്തർവാഹിനി സാന്നിധ്യം തിരിച്ചറിയാൻ കഴിയുന്ന അത്യാധുനിക സോണാർ സംവിധാനം ഉൾപ്പടെയുള്ള കപ്പലുകളാണ് നാവിക സേനയ്ക്ക് കൊച്ചിൻ ഷിപ്യാർഡ് നിർമിച്ചു നൽകുന്നത്. കഴിഞ്ഞ നവംബറിൽ ഐഎൻഎസ് മാഹി, ഐഎൻഎസ് മാൽവൻ, ഐഎൻഎസ് മാംഗ്രോൾ എന്നിങ്ങനെ മൂന്ന് കപ്പലുകൾ നീറ്റിലിറക്കിയിരുന്നു. 78 മീറ്റർ നീളവും 11.36 മീറ്റർ വീതിയുമുള്ള കപ്പലുകൾക്ക് പരമാവധി 25 നോട്ടിക്കൽ മൈൽ വേഗത കൈവരിക്കാൻ സാധിക്കും. ശത്രു സാന്നിധ്യം തിരിച്ചറിയാൻ നൂതന റഡാർ സിഗ്നലിങ് സംവിധാനമുള്ള സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകൾ പൂർണമായും തദ്ദേശീയമായാണ് നിർമിച്ചിട്ടുള്ളത്. രണ്ട് ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകൾ നീറ്റിലിറക്കുന്നതോടെ ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടിയുള്ള എട്ട് കപ്പലുകളിൽ അഞ്ചെണ്ണം കൊച്ചിൻ ഷിപ്യാർഡ് പൂർത്തികരിക്കും. നേവിക്കു കൈമാറുന്നത്തോടെ കപ്പലുകൾക്ക് ഐഎൻഎസ് മാൽപേ, ഐഎൻഎസ് മുൾക്കി എന്നിങ്ങനെ പേരുകൾ നൽകും.

# കാൻസർ മരുന്നുകളുടെ വില വെട്ടിക്കുറച്ചു

**ന്യൂഡൽഹി:** കാൻസർ മരുന്നുകൾക്കുള്ള ചരക്ക്സേവന നികുതി (ജിഎസ്ടി) കുറയ്ക്കാൻ ജിഎസ്ടി കൗൺസിൽ യോഗത്തിൽ തീരുമാനം. 12 ശതമാനത്തിൽനിന്ന് അഞ്ചു ശതമാനമായാണ് കുറച്ചത്. ഓൺലൈൻ ഗെയിമുകൾക്ക് ജിഎസ്ടി പ്രഖ്യാപിച്ചതിനു ശേഷം ഈയിനത്തിലെ വരുമാനത്തിൽ വർധനയുണ്ടായതായി ധനമന്ത്രി നിർമല സീതാരാമൻ യോഗത്തിൽ പറഞ്ഞു. വരുമാനം 6,909 കോടി രൂപയായി. ആറു മാസത്തിനുള്ളിലാണ് ഈ വർധനയെന്നും മന്ത്രി പറഞ്ഞു. തിരഞ്ഞെടുത്ത ലഘുഭക്ഷണങ്ങളുടെ ജിഎസ്ടിയിലും കുറവുവരുത്താനും യോഗം തീരുമാനിച്ചു.

ആരോഗ്യ ഇൻഷുറൻസ് പ്രീമിയത്തിന് ജിഎസ്ടി കുറയ്ക്കുന്നതിൽ നവംബറിൽ ചേരുന്ന യോഗത്തിൽ തീരുമാനമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു. ഇക്കാര്യം പരിശോധിക്കാനായി മന്ത്രിതല സമിതിയെ നിയോഗിച്ചു. ബിഹാർ ഉപമുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണ് സമിതി. ഒക്ടോബറോടെ സമിതിയോട് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസംസ്ഥാന നികുതി ഉദ്യോഗസ്ഥർ അടങ്ങുന്ന ഫിറ്റ്മെന്റ് കമ്മിറ്റി ജിഎസ്ടി, ലൈഫ്, ഹെൽത്ത്, റീഇൻഷുറൻസ് പ്രീമിയങ്ങളുടെ ജിഎസ്ടി കുറയ്ക്കുന്നത് സംബന്ധിച്ച് കൗൺസിൽ യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. ആരോഗ്യ, ലൈഫ് ഇൻഷുറൻസ് പോളിസികളുടെ നിലവിലെ ജിഎസ്ടി നിരക്ക് 18 ശതമാനമാണ്. പോളിസി ഉടമകളുടെ സാമ്പത്തിക ഭാരം ലഘൂകരിക്കാൻ ഇത് കുറയ്ക്കാനാകുമോ എന്നായിരുന്നു പ്രതീക്ഷ. ലൈഫ്, ഹെൽത്ത് ഇൻഷുറൻസ് പ്രീമിയങ്ങളുടെ ജിഎസ്ടി നിരക്ക് കുറയ്ക്കാൻ ബംഗാൾ ധനമന്ത്രി ചന്ദ്രിമ ഭട്ടാചാര്യ നേരത്തെ അപേക്ഷ നൽകിയിരുന്നു.



2000 രൂപയ്ക്ക് താഴെയുള്ള ഇടപാടുകളിൽ നിന്ന് ഓൺലൈൻ പേയ്മെന്റ് സേവനദാതാക്കൾ നേടുന്ന വരുമാനത്തിന് 18% ജിഎസ്ടി ഈടാക്കണമെന്ന നിർദേശം തൽകാലം നടപ്പാകില്ല. ഇക്കാര്യം പരിശോധിക്കാൻ ഫിറ്റ്മെന്റ് കമ്മിറ്റിക്ക് കൈമാറിയെന്ന് ഉത്തരാഖണ്ഡ് ധനമന്ത്രി പ്രേംചന്ദ് അഗർവാൾ പറഞ്ഞു. കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമായിരിക്കും തുടർതീരുമാനങ്ങൾ. 2,000 രൂപയ്ക്ക് കാർഡുകൾ ഉപയോഗിച്ച് നടത്തുന്ന ഇടപാടുകളിന്മേലുള്ള വരുമാനത്തിന് 18% ജിഎസ്ടി ഏർപ്പെടുത്തുന്നത് അടുത്ത യോഗത്തിൽ ജിഎസ്ടി കൗൺസിൽ പരിഗണിക്കും.








# ഉപ്പു മുതൽ കർപ്പൂരം വരെ; വൈവിധ്യങ്ങളുടെ കാഴ്ചയൊരുക്കി കളമശ്ശേരി കാർഷികോത്സവം

**കളമശ്ശേരി:** ഇടയ്ക്കിടെ പെയ്ത മഴയെ അപ്രസക്തമാക്കി ജനത്തിരക്കേറുകയാണ് കളമശ്ശേരി കാർഷികോത്സവ നഗരിയിൽ. ഉൽപന്നങ്ങളുടേയും പ്രദർശന വസ്തുക്കളുടേയും വൈവിധ്യമാണ് കാർഷികോത്സവത്തിൽ ഒരുക്കിയിട്ടുള്ളത്. കാർഷിക ചെറുകിട വ്യവസായിക പ്രദർശനം , വിപണനം, ഭക്ഷ്യമേള , നാടൻ ഫൈവ് സ്റ്റാർ രുചികൾ, കർഷകരെ ആദരിക്കൽ, കർഷക സംഗമം, വിവിധ കലാപരിപാടികൾ എന്നിവയാണ് കാർഷികോത്സവത്തിന്റെ മുഖ്യ ഇനങ്ങൾ. സെമിനാറുകൾ , വയലിലിറങ്ങി ഫോട്ടോ എടുക്കാം തുടങ്ങിയ പരിപാടികൾക്കും കാണികളേറെ. ഓണക്കാലത്തിന്റെ മുഖ്യ ഘടകങ്ങളായ പച്ചക്കറി ,പഴം എന്നിവയുടെ സ്റ്റാളുകളിൽ ധാരാളം പേരെത്തുന്നു. ഐഎസ്ആർഒ , റോബോട്ടിക്സ് , കാരിക്കേച്ചർ തയ്യാറാക്കൽ , കാർഷികം , ലേലത്തറ , ഖാദി തുണിയും നെയ്ത്തൽ ഡെമോൺസ്ട്രേഷനും , അടുക്കള സാമഗ്രികൾ , സർവീസ് സഹകരണ ബാങ്കുകൾ , ലെതർ , മെറ്റൽ, മില്ലറ്റുകൾ , ബാംബു മിഷൻ , ഫർണീച്ചറുകൾ , വസ്ത്രങ്ങൾ , കൈത്തറി തുടങ്ങി എന്തും ഇവിടെ ലഭ്യം. ഓണാഘോഷ വേളയിൽ ഒരു കുടുംബത്തിന് ആവശ്യമായതെല്ലാം കാർഷികോത്സവ നഗരിയിൽ കിട്ടും. ഓണം ആഘോഷിക്കാൻ വേറെ എവിടെ പോകണമെന്ന് അമ്പരപ്പിക്കും കാർഷികോത്സവം.



# ഒരാൾ പറയുന്ന കഥ ലളിതമാകണം: ബെന്യാമിൻ

**കളമശ്ശേരി**: താൻ കണ്ട ജീവിതങ്ങളെ അടയാളപ്പെടുത്തിയിട്ടില്ലല്ലോ എന്ന തോന്നലിൽ നിന്നാണ് എഴുത്ത് ആരംഭിച്ചതെന്ന് എഴുത്തുകാരൻ ബെന്യാമിൻ. അതിനു ബാധ്യതയുണ്ടെന്നു തോന്നി. ഒരാൾ പറയുന്ന കഥ ലളിതമായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കളമശ്ശേരി കാർഷികോത്സവം 2.0 ൽ ' എഴുത്തിലെ ജനപ്രിയത ' എന്ന വിഷയത്തിൽ നടന്ന സാഹിത്യ സെമിനാറിൽ സംസാരിക്കുകയായിരുന്നു ബെന്യാമിൻ. അനുയോജ്യമായ ഭാഷയിൽ യാദൃശ്ചികമായി എഴുതിയതാണ് 'ആടുജീവിതം '.

നോവൽ വായിക്കപ്പെടാൻ കഥാനായകൻ മലയാളി ആകണമെന്നില്ല. ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവർ വായിച്ചുവെന്നതാണ് ആടുജീവിതത്തിന്റെ മേൻമയായി കാണുന്നതെന്നും ബെന്യാമിൻ പറഞ്ഞു. 13 വർഷം കൊണ്ട് 2 ലക്ഷം പുസ്തകങ്ങൾ 250 പതിപ്പുകളിലായി ഇറങ്ങിയിട്ടുണ്ട്.

വാശിയുടെ പുറത്ത് എഴുതിത്തുടങ്ങിയതാണെന്ന് എഴുത്തുകാരൻ അഖിൽ പി ധർമ്മജൻ പറഞ്ഞു. എഫ് ബി പേജിൽ പോസ്റ്റ് ചെയ്തപ്പോൾ ആദ്യം ലക്കങ്ങളിൽ ആരും വായിക്കാതിരുന്ന രചന ഒടുവിൽ 15,000 ലൈക്കുകളാണ് നേടിയത്. പുസ്തകം വില കുറച്ചു സ്വയം വിൽക്കുകയായിരുന്നു ആദ്യത്തിൽ. മൂന്നാമത്തെ പുസ്തകത്തോടെയാണ് കൃതി തേടി ആളുകൾ എത്താൻ ആരംഭിച്ചതെന്നും

ഗതികേടുകൊണ്ട് എഴുത്തുകാരിയായയണെന്ന് നിമ്ന വിജയൻ പറഞ്ഞു. വീട്ടുകാരെ സഹായിക്കുക എന്ന താൽപര്യമുണ്ടായിരുന്നു. വായന ഓരോ ചോയിസ് ആണ്. വായിച്ചതുകൊണ്ട് ആരും നന്നാകുമെന്ന് വിചാരിച്ചിട്ടില്ലെന്നും എഴുത്തുകാരി നിമ്ന വിജയൻ പറഞ്ഞു.

എൻ ഇ സുധീർ മോഡറേറ്ററായി. പങ്കെടുത്തവർക്ക് മന്ത്രി പി രാജീവ് പുരസ്കാരങ്ങൾ സമ്മാനിച്ചു.




# ബാഹ്യാകാശ വിജ്ഞാനം പകർന്ന് ഐഎസ്ആർഒ

**കൊച്ചി :** ഇന്ത്യയുടെ ആദ്യ ബഹിരാകാശ ദൗത്യമായി 1967ന് നവംബർ 20 ന് തുമ്പയിൽ നിന്ന് വിക്ഷേപിച്ചതാണ് രോഹിണി റോക്കറ്റ്. അതുമുതൽക്ക് നാളിതുവരെ 57 വർഷം കൊണ്ട് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ സമഗ്രമായി കൈമാറുന്നു ഐഎസ്ആർഒയുടെ പ്രദർശന സ്റ്റാൾ. വിജ്ഞാനവും വിവരവും കൗതുകവുമെല്ലാം പങ്കുവയ്ക്കുന്ന, കളമശ്ശേരി കാർഷികോത്സവം 2.0 പ്രദർശന പവിലിയനിലെ ഐഎസ്ആർഒ സ്റ്റാൾ മോഡലുകളും ചിത്രങ്ങളും കൊണ്ട് സജീവം. ബഹിരാകാശ ഉപാധികളുടെ ആവിർഭാവം, അവയുടെ പിൻമാറ്റം, പുതുക്കിയ രൂപ ഭാവങ്ങൾ, പുതിയ ആവശ്യങ്ങൾക്കനുസൃതം രൂപമെടുത്തവ എന്നിവയെല്ലാം വിജ്ഞാനാധിഷ്ഠിത മാതൃകകളായി അറിവു പകരുന്നു. ശബ്ദമുള്ള റോക്കറ്റുകളായിരുന്നു രോഹിണി ശൃംഖലയിൽ പെട്ടവ. എസ്എൽവി, എഎസ്എൽവി തുടങ്ങിയ ഉപഗ്രഹവിഷേപണികൾ കളമൊഴിഞ്ഞു. പിഎസ്എൽവി , ജിഎസ്എൽവി ശ്രേണിയിൽപെട്ടവ , എസ്എസ്എൽവി തുടങ്ങിയ വിക്ഷേപണികളുടെ മാതൃകകൾ സ്റ്റാളിൽ കാണാം. ഇന്ത്യയുടെ ആദ്യ ഉപഗ്രഹമായ ആര്യഭട്ട , നാവിഗേഷനു വേണ്ടിയുള്ള ഐആർഎൻഎസ് എസ് 10, ട്രോപ്പിക്കൽ ജല സൈക്കിൾ , ഊർജ വിനിമയ സാധ്യതകൾ പഠനവിധേയമാക്കുന്ന മേഘാ ട്രോപ്പിക്ക്സ്, ഇന്ത്യൻ നാഷണൽ സാറ്റലൈറ്റ്, മംഗൾയാൻ ദൗത്യത്തിനുള്ള മോം തുടങ്ങിയ ഉപഗ്രഹ മാതൃകകളും ഐഎസ്ആർഒ സ്റ്റാളിൽ അറിവു പകരുന്നു. ഗഗൻയാൻ, കമ്മ്യൂണിക്കേഷൻ സാറ്റലൈറ്റ് , സ്പേസ് ക്യാപ്സൂൾ റിക്കവറി എക്സ്പെരിമെന്റ് എന്നിവയും വിവരങ്ങൾ പങ്കുവയ്ക്കുന്നവയാണ്. മുൻരാഷ്ട്രപതി എപിജെ അബ്ദുൾ കലാം ഉൾപ്പെടെ നേതൃത്വം നൽകിയ ഇടപെടലുകൾ ബാഹ്യാകാശ വിജ്ഞാനത്തിൽ ചെലുത്തിയ സംഭാവനകൾ വരച്ചുകാട്ടുന്നു പ്രദർശനം കാണാൻ നിരവധി പേരാണ് എത്തുന്നത്.

# സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തൊഴിൽ രംഗം ശക്തിപ്പെടുത്തണം: മന്ത്രി വി.ശിവൻകുട്ടി

**തിരുവനന്തപുരം:** സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ തൊഴിൽ രംഗം ശക്തിപ്പെടുത്തണമെന്നും ഈ ലക്ഷ്യത്തോടെയാണ് സർക്കാർ സൗജന്യ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നതെന്നും മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ വഴുതക്കാട് വിമെൻസ് കോളേജിൽ സംഘടിപ്പിച്ച നിയുക്തി 2024 മെഗാ തൊഴിൽമേള ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസം, തൊഴിൽ, ശാസ്ത്രം , സാങ്കേതികം, ആരോഗ്യം തുടങ്ങി നിരവധി മേഖലകളിൽ കേരളം മികവു പ്രകടിപ്പിച്ചിട്ടുണ്ട്. ഇത്തരം മുന്നേറ്റങ്ങൾക്കൊപ്പം തന്നെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും കേരളം ബദ്ധശ്രദ്ധരാണെന്നും മന്ത്രി വ്യക്തമാക്കി. ആധുനിക കാലഘട്ടത്തിൽ വിദ്യാഭ്യാസ സാങ്കേതിക രംഗങ്ങളിൽ ദ്രുതഗതിയിലുണ്ടായ വളർച്ച തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതകളനുസരിച്ച് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

സർക്കാർ മേഖലയിലെ തൊഴിലവസരങ്ങൾ വളരെ പരിമിതമാണ്. തൊഴിൽ മേഖലയിലെ മാറി വരുന്ന പ്രവണതകൾ മനസിലാക്കി, ലഭ്യമായ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്താൻ ഉതകുന്ന തൊഴിൽ സാഹചര്യം ഒരുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നിയുക്തി മെഗാതൊഴിൽ മേളകൾ ആരംഭിച്ചിട്ടുള്ളതെന്നും സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ട് വന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുകയാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എംപ്ലോയ്മെന്റ് വകുപ്പ് സംഘടിപ്പിച്ച തൊഴിൽ മേളകളിലൂടെ ഇതുവരെ 34,741 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 24,55,453 ഉദ്യോഗാർത്ഥികളാണ് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്നത്.

തൊഴിൽ മേളയിൽ ടെക്നോപാർക്ക്, ഹോസ്പിറ്റാലിറ്റി, പാരാമെഡിക്കൽ, ഓട്ടോമൊബൈൽ, ഫിനാൻസ്, മാർക്കറ്റിങ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള 70 പ്രമുഖ കമ്പനികളാണ് വിമെൻസ് കോളേജിൽ നടക്കുന്ന നിയുക്തി തൊഴിൽ മേളയിൽ പങ്കെടുക്കുന്നത്. എസ്.എസ്.എൽ.സി , പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, ഐ.ടി.ഐ. ഡിപ്ലോമ, ബി.ടെക്, ജനറൽ നഴ്സിങ്, പാരാമെഡിക്കൽ, എം.ബി.എ, എം.സി.എ തുടങ്ങിയ വിവിധ യോഗ്യത ഉള്ളവർക്കാണ് തൊഴിൽ മേളയിൽ അവസരമൊരുക്കിയിരിക്കുന്നത്. 5000 ഒഴിവുകളാണ് ലഭ്യമായിട്ടുള്ളത്.

ആന്റണി രാജു എം.എൽ.എ അധ്യക്ഷനായിരുന്നു. വഴുതക്കാട് വാർഡ് കൗൺസിലർ രാഖി രവികുമാർ, എംപ്ലോയ്മെന്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ മോഹൻദാസ് പി.കെ, തിരുവനന്തപുരം മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ അശ്വതി ജി.ഡി എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# എല്ലാ ജില്ലകളിലും സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** എല്ലാ ജില്ലകളിലും സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് പുറമേ 12 ജില്ലകളിൽ ആരോഗ്യ വകുപ്പിന് കീഴിൽ നിലവിൽ സ്ട്രോക്ക് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഈ വർഷം തന്നെ സ്ട്രോക്ക് സെന്ററുകൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ട്രോക്ക് ബാധിച്ചവർക്ക് ഗുണനിലവാരമുള്ള തുടർജീവിതം ഉറപ്പാക്കുന്നതിനായി ശാസ്ത്രീയവും സമയബന്ധിതവുമായ ചികിത്സ നൽകുന്നതിനുള്ള മികച്ച ആരോഗ്യ സംവിധാനങ്ങളാണ് ഏർപ്പെടുത്തി വരുന്നതെന്നും മന്ത്രി പറഞ്ഞു. രാജ്യത്ത് ആദ്യമായി നടപ്പിലാക്കുന്ന മിഷൻ സ്ട്രോക്ക് പരിശീലന പരിപാടി പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സമയബന്ധിതമായ ചികിത്സയിലൂടെ പക്ഷാഘാതം ബാധിച്ചവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിക്കും. അല്ലെങ്കിൽ ശരീരം തളർന്നു പോകുകയോ മരണം വരെ സംഭവിക്കുകയോ ചെയ്യും. അതിനാൽ ആരോഗ്യ പ്രവർത്തകർക്കുൾപ്പെടെ എല്ലാവർക്കും അവബോധം വളരെ പ്രധാനമാണ്. ഒരു പ്രദേശത്തെ എല്ലാ ആരോഗ്യ പ്രവർത്തകർക്കും സ്ട്രോക്കിനെപ്പറ്റിയുള്ള പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് രാജ്യത്ത് ആദ്യമായി മിഷൻ സ്ട്രോക്ക് ആരംഭിച്ചത്.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ത്യൻ അക്കാഡമി ഓഫ് ന്യൂറോളജിയും, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റും, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിട്യൂട്ടിന്റെ കോമ്പ്രിഹെൻസീവ് സ്ട്രോക്ക് കെയർ യൂണിറ്റും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിലെ രണ്ട് സംസ്ഥാനങ്ങളിൽ ആരംഭിക്കുന്ന ഈ പദ്ധതി കേരളത്തിൽ പത്തനംതിട്ട ജില്ലയിലാണ് തുടക്കം കുറിക്കുന്നത്.

കോഴിക്കോട് ജില്ലയാണ് അടുത്തതായി തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള 350 ഓളം ജീവനക്കാർക്ക് പരിശീലനം നൽകി.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇന്ത്യൻ ആക്കാദമി ഓഫ് ന്യൂറോളജി ജോയിന്റ് ട്രഷറർ വി.ജി. പ്രദീപ് കുമാർ വിഷയാവതരണം നടത്തി. ഇന്ത്യൻ ആക്കാദമി ഓഫ് ന്യൂറോളജി ട്രഷറർ ഡോ. അചൽ ശ്രീവാസ്തവ, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ് സെക്രട്ടറി ഡോ. സുരേഷ് കുമാർ, ന്യൂറോളജി വിഭാഗം പ്രൊഫ. ഡോ. പി.എൻ. സൈജ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിത കുമാരി, എൻ.സി.ഡി. സംസ്ഥാന നോഡൽ ഓഫീസർ ഡോ. ബിപിൻ കെ. ഗോപാൽ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. ഐപ്പ് ജോസഫ്, ന്യൂറോളജിസ്റ്റ് ഡോ. സ്റ്റാൻലി ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

## എം.ബി.എ : സീറ്റ് ഒഴിവ്

**കൊച്ചി:** തൃക്കാക്കര കെ.എം.എം.കോളേജിൽ എം.ബി.എയ്ക്ക് ഏതാനും സീറ്റ് ഒഴിവുണ്ടെന്ന് പ്രിൻസിപ്പൽ അറിയിച്ചു. പഠന കാലയളവിൽ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റോടെ ഹോസ്പിറ്റൽ അഡ്മിനസ്ട്രേഷനിൽ പരിശീലനവും നൽകും. കൂടുതൽ വിവരങ്ങൾക്ക് 8086666615,8589003330.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റ് നൂതന പദ്ധതിയായ അപ്രന്റീസ് നഴ്സ് പരിശീലന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ജില്ലയിലെ ജനറൽ/ജില്ല/താലൂക്ക്/ഹെഡ് ക്വാർട്ടേഴ്സ്/എഫ്എച്ച്സി ആശുപത്രികളിൽ ജിഎൻഎം/ബിഎസ്സി നഴ്സിംഗ് യോഗ്യതയുള്ളവരെ പരിശീലനത്തിനായി നിയോഗിക്കുന്നു. രണ്ടുവർഷത്തേക്കാണ് നിയമനം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനറൽ/ബിഎസ്സി നഴ്സിംഗ് കോഴ്സ് പാസായവർക്ക് അപേക്ഷിക്കാം. പ്രായപരിധി 2135. ഓണറേറിയം ബിഎസ്സി നഴ്സിംഗ് 18,000 (പ്രതിമാസം) ജനറൽ 15,000 (പ്രതിമാസം) നിശ്ചിത യോഗ്യതയുള്ളവർ അപേക്ഷ, ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പകർപ്പ് സഹിതം സെപ്തംബർ 13ന് മുമ്പായി കാക്കനാട് കളക്ടറേറ്റിലുള്ള ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 04842422256.

## ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒഴിവ്

**കൊച്ചി:** എറണാകുളം മരട് മാങ്കായി സ്കൂളിന് സമീപം പ്രവർത്തിക്കുന്ന ഗവ ഐടിഐയിൽ എൽ.സി./ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിനു റിസർവ് ചെയ്ത ഇലക്ട്രീഷ്യൻ ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഒരു ഒഴിവുണ്ട്. മേൽ വിഭാഗത്തിൽ നിന്നും അപേക്ഷകർ ഇല്ലാത്ത പക്ഷം മറ്റു വിഭാഗക്കാരെയും പരിഗണിക്കും. യോഗ്യത ഇലക്ട്രിക്കൽ എഞ്ചിനീയറിങ് ബിരുദവും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിങ് ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയം, അല്ലെങ്കിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ എൻടിസി/എൻഎസി നേടിയശേഷം മൂന്നുവർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് അടിസ്ഥാന യോഗ്യത. ഉദ്യോഗാർത്ഥികൾ സെപ്തംബർ 13ന് രാവിലെ 10.30 ന് മരട് ഗവ.ഐടിഐയിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിനായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2700142.

## റീ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുളന്തുരുത്തി അഡീഷണൽ ഐ സി ഡി എസ് പ്രോജക്റ്റിന്റെ ആവശ്യത്തിനായി 202425 വർഷം 2024 ഒക്ടോബർ മുതൽ 2025 സെപ്തംബർ വരെ വാഹനം വാടകയ്ക്ക് നൽകുന്നതിന് താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്കു വിധേയമായി റീ ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി സെപ്തംബർ 19 ന് ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ തിരുവാങ്കുളം മുളന്തുരുത്തി പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസുമായോ 04842786680,9188959730,9947864784 ഫോൺ നമ്പറുകളിലോ ബന്ധപ്പെടണം.

## കുസാറ്റ്: സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ ഡി.ഡി.യു കൗശൽ കേന്ദ്രയിലെ എം.വോക്ക് ഇൻ കൺസൾട്ടൻസി മാനേജ്മെൻറ്, എം.വോക്ക് ഇൻ സോഫ്റ്റവെയർ ആപ്ലിക്കേഷൻ ഡെവലപ്മെൻറ്, ബി.വോക്ക് ഇൻ ബിസ്നസ്സ് പ്രോസസ്സ് ആൻഡ് ഡാറ്റാ അനലിറ്റ്ക്സ് എന്ന പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി സെപ്റ്റംബർ 10 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഇല്ലാത്തവർക്കും പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9:30 ന് മുമ്പ് തൃക്കാക്കര ക്യാമ്പസിലുള്ള കൗശൽ കേന്ദ്രയിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , www.kaushalkendra.cusat.ac.in എന്ന വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 9446655362 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗണിതശാസ്ത്ര വകുപ്പിൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എം.എസ്.സി മാത്തമാറ്റിക്സ് പ്രോഗ്രാമിൽ ജനറൽ ഉൾപ്പടെയുള്ള വിഭാഗങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി സെപ്റ്റംബർ 12 ന് രാവിലെ 10.00 ന് സ്പെഷ്യൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എസ്.സി/എസ്.ടി വിഭാഗത്തിൽ ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഉള്ളവരെയും സീറ്റിൻറെ ലഭ്യതയനുസരിച്ച് റാങ്ക് ലിസ്റ്റിൽ ഇല്ലാത്തവരെയും പരിഗണിക്കും. വീണ്ടും സീറ്റ് ബാക്കിയുണ്ടെങ്കിൽ ഉച്ചയ്ക് ശേഷം 2.00 ന് നടക്കുന്ന രണ്ടാം സെഷൻ സ്പോട്ട് അഡ്മിഷനിൽ ക്യാറ്റ് റാങ്കിലുള്ള ഒ.ഇ.സി (എസ്.സി) അല്ലെങ്കിൽ ഒ.ഇ.സി (എസ്.ടി) വിഭാഗത്തെ പരിഗണിക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ ഗണിതശാസ്ത്ര വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842862461 നമ്പറിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് ഡാറ്റാ സയൻസ്) പ്രോഗ്രാമിൽ ഒഴിവുള്ള 1 ജനറൽ സീറ്റിലേക്ക് സെപ്റ്റംബർ 12 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കുസാറ്റ് ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 11.00 നു മുൻപ് കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 0484 2862301 എന്ന നമ്പറിലോ www.admissions.cusat.ac.in, www.dcs.cusat.ac.in എന്ന വെബ്സൈറ്റുകളിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൽ എക്സിക്യൂട്ടിവ് എം.ബി.എ പ്രോഗ്രാമിൽ വിവിധ വിഭാഗങ്ങളിലുമായി ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 13 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എക്സിക്യൂട്ടിവ് എം.ബി.എ റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.00 ന് സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. സീറ്റുകളുടെ കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ഇന്ത്യയുടെ ആർട്ടിക് ധ്രുവത്തിലെ പര്യവേക്ഷണ പദ്ധതിയിൽ പങ്കാളിയായി ചിന്മയ വിശ്വവിദ്യാപീഠം

**കൊച്ചി:** ഇന്ത്യയുടെ ആർട്ടിക് ധ്രുവത്തിലെ പര്യവേക്ഷണ പദ്ധതിയിൽ പങ്കാളിയായി എറണാകുളത്തെ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല. നോർവേയിലെ സ്വാൽബാർഡിലുള്ള ഹിമാദ്രി സ്റ്റേഷൻ കേന്ദ്രീകരിച്ചാണ് ഇന്ത്യൻ സംഘത്തിന്റെ ഗവേഷണ പ്രവർത്തനം. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിലെ കംപ്യൂട്ടർ സയൻസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ അനുപമ ജിംസ് പര്യവേഷണ സംഘത്തിന്റെ ഭാഗമാണ്. ഇന്ത്യൻ സംഘത്തിൽ ആകെ ഏട്ടുപേരാണുള്ളത്. ഇതിൽ അനുപയെക്കൂടാതെ രണ്ടു മലയാളികൾ കൂടി ഉൾപ്പെടുന്നുണ്ട്. ഉത്തരധ്രുവത്തിൽ നിന്ന് 1200 കിലോമീറ്റർ അകലെയുള്ള ഹിമാദ്രിയിൽ ആണ് സംഘം ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഒക്ടോബർ ആദ്യവാരം വരെ സംഘം ഇവിടെയുണ്ടാകും.

നോർവീജീയൻ ആർട്ടിക് പ്രദേശത്തെ സൂഷ്മ ജീവജാലങ്ങളെക്കുറിച്ചാണ് അനുപമ ഗവേഷണം



അനുപമ ജിംസ്

നടത്തുന്നത്. നിർമിതബുദ്ധിയുടെ പിൻബലത്തോടെയാണ് അനുപമയുടെ പഠനം. 2008 മുതൽ വേനൽക്കാലത്ത് ഇന്ത്യ നടത്തിവരുന്ന ആർട്ടിക് പര്യവേക്ഷണത്തിന്റെ തുടർച്ചയായി പഠന ഗവേഷണ പ്രവർത്തനങ്ങൾ വിപുലികരിക്കുന്നതിന്റെ ഭാഗമായാണ് സംഘം എത്തിയിരിക്കുന്നത്. ഇന്ത്യയ്ക്കുപുറമെ വിവിധ രാജ്യങ്ങളുടെ ഗവേഷണ സ്റ്റേഷനുകൾ മാത്രമാണ് സ്വാൽബാർഡിലുള്ള ന്യൂ അലേസുണ്ട് ദ്വീപിലുള്ളത്. തൊട്ടടുത്ത ജനവാസ കേന്ദ്രം ലോങ് ഐ അർബിൻ ആണ്. ഇവിടെ നിന്ന് ചെറുവിമാനത്തിൽ മുക്കാൽ മണിക്കൂറോളം യാത്രയുണ്ട് ഗവേഷകർക്ക് സ്റ്റേഷനുകളിലേയ്ക്ക്.

അഞ്ചു ഡിഗ്രി സെൽഷ്യസിന് താഴെയാണ് നിലവിലെ ഇവിടുത്തെ താപനില. ഹിമക്കരടിയുടെ ആക്രമണമാണ് ഗവേഷകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പഠനത്തിനായി പോകുമ്പോൾ ഹെൽമെറ്റും, ലൈസൻസുള്ള തോക്കുമുൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങളുമായാണ് യാത്രയെന്നും അനുപമ പറയുന്നു. 2008 ജൂലൈ ഒന്നിന് അന്നത്തെ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മന്ത്രിയായിരുന്ന കപിൽ സിബൽ ആണ് ഹിമാദ്രി സ്റ്റേഷൻ പഠന ഗവേഷണത്തിനായിതുറന്ന് നൽകിയത്.



# ആരാധകരെ ആവേശത്തിലാഴ്ത്തി മീറ്റ് ദ ബ്ലാസ്റ്റേഴ്സ്

**കൊച്ചി:** ഇന്ത്യൻ സൂപ്പർ ലീഗ് 2024 25 സീസണിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ ആരാധകരെ നേരിൽക്കണ്ട് സംവദിച്ച് കേരളാ ബ്ലാസ്റ്റേഴ്സ് ടീം. കൊച്ചി ലുലു മാളിൽ നടന്ന മീറ്റ് ദ ബ്ലാസ്റ്റേഴ്സ് പ്രോഗ്രാമിൽ മഞ്ഞപ്പടയുടെ ആവേശം അലയടിച്ചു. ഐ.എസ്.എൽ പുതിയ പതിപ്പിൽ തിരുവോണ നാളിൽ കൊച്ചി ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിൽ ആദ്യ മത്സരത്തിനിറങ്ങുന്നതിന് മുന്നോടിയായാണ് കേരളാ ബ്ലാസ്റ്റേഴ്സിന്റെ കൊമ്പൻമാർ ആരാധകരെ നേരിൽ കാണാനെത്തിയത്.

കേരളാ ബ്ലാസ്റ്റേഴ്സിന്റെ സ്റ്റേഡിയം ജെഴ്സി റെയോർ സ്പോർട്ട്സ് സി.ഇ.ഒ ആൻഡ് മാനേജിങ് ഡയറക്ടർ ഭാഗേഷ് പ്രകാശനം ചെയ്തു. വേദിയിലെത്തിയ താരങ്ങൾ ആരാധകരെ അഭിസംബോധന ചെയ്തതിനൊപ്പം സ്റ്റേഡിയം ജെഴ്സി ആരാധകർക്കിടയിലേക്ക് എറിഞ്ഞു നൽകിയത് ആവേശമിരട്ടിയാക്കി.

ലുലു ഗ്രൂപ്പ് ടീം അംഗങ്ങളെ ആദരിച്ചു. കേരളാ ബ്ലാസ്റ്റേഴ്സ് എഫ്.സി ചീഫ് മാർക്കറ്റിംഗ് ഓഫീസർ ആന്റണി മനു പരിപാടിക്ക് സ്വാഗതം പറഞ്ഞു.

കേരളാ ബ്ലാസ്റ്റേഴ്സ് ചീഫ് റവന്യൂ ഓഫീസർ ജോബി ജോബ് ജോസഫ് സ്പോൺസർമാർക്കും ആരാധകർക്കും നന്ദി പറഞ്ഞു. വിവിധ സ്പോൺസർമാരേയും മഞ്ഞപ്പട, ബ്ലാസ്റ്റേഴ്സ് ആർമി തുടങ്ങിയ ഫാൻ ക്ലബ് പ്രതിനിധികളേയും ചടങ്ങിൽ ആദരിച്ചു.

ആരാധകർക്കും കേരളാ ബ്ലാസ്റ്റേഴ്സ് താരങ്ങൾക്കും ഒരുപോലെ ആവേശമുണർത്തുന്നതായിരുന്നു മീറ്റ് ദ ബ്ലാസ്റ്റേഴ്സ് പ്രോഗ്രാമെന്ന് ബ്ലാസ്റ്റേഴ്സ് മുഖ്യ പരിശീലകൻ മിഖായേൽ സ്റ്റാറെ പറഞ്ഞു. ക്ലബ്ബിനോടുള്ള ആരാധകരുടെ അടങ്ങാത്ത ആവേശവും സ്നേഹവും നേരിട്ട് കാണുന്നത് എപ്പോഴും ഒരു പ്രത്യേക അനുഭൂതിയാണ്. ഓരോ മത്സരത്തിനും പ്രചോദനമാകും വിധം ഓരോ ആരാധകരുടെയും ആവേശം വലിയ ഊർജ്ജമാണ് പകരുന്നത്. തുടർന്നും ഈ ആവേശവും പിന്തുണയും പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# ജില്ലാ ആയുർവേദ ആശുപത്രിക്ക് ഹരിത സ്ഥാപന സർട്ടിഫിക്കറ്റ്

**കൊച്ചി:**ജില്ലാ ആയുർവേദ ആശുപത്രിയിൽ ഹരിത കേരളം മിഷന്റെ ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം നിലവിൽ വന്നു. പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോകോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം പൂർണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും ജൈവമാലിന്യം പുനരുപയോഗപ്പെടുത്തിയും അജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും ജലത്തിന്റെ ഉപയോഗവും ഊർജ്ജ സംരക്ഷണവും ഉറപ്പുവരുത്തിയുമാണ് ഹരിത പ്രോട്ടോകോൾ സർട്ടിഫിക്കറ്റ് ലഭ്യമായത്.

ആശുപത്രിയിലെ ജീവനക്കാർക്കും രോഗികൾക്കും സന്ദർശകർക്കും 'ശുചിത്വ കേരളം സുസ്ഥിര കേരളം' എന്നുള്ള ഹരിത കേരളം മിഷന്റെ സന്ദേശത്തെക്കുറിച്ചുള്ള ബോധവൽക്കരണം നൽകിയും പരിസര ശുചീകരണം പാലിച്ചുമാണ് ഇത് നടപ്പിലാക്കിയത്. സർട്ടിഫിക്കറ്റ് വിതരണം ആശുപത്രിയിൽ വെച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ടി ജെ വിനോദ് എംഎൽഎ ചീഫ് മെഡിക്കൽ ഓഫീസറായ ഡോ. ഷർമദ് ഖാന് നൽകി ഉദ്ഘാടനം ചെയ്തു.മുഖ്യാതിഥിയായി ആരോഗ്യ വിദ്യാഭ്യാസ സമിതി ചെയർമാൻഎം.ജെ.ജോമി പങ്കെടുത്തു.

സീനിയർ മെഡിക്കൽ ഓഫീസർ ഡോ. സതീഷ് വാര്യർ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയിലെ കെ.വി. ആന്റണി, സിൽവി സുനിൽ, ആന്റണി അറക്കൽ, എം. ആർ. ചന്ദ്രശേഖരൻ എന്നിവർ സംസാരിച്ചു.ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ് രഞ്ജിനി പദ്ധതി വിശദീകരണവും സ്ഥാപനത്തിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും പദ്ധതി സംബന്ധിച്ച ബോധവൽക്കരണം ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺ നിസ്സയും നൽകി.

# വായ്പ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സ്വയംതൊഴിൽ, വാഹന വായ്പ പദ്ധതികളിലേക്ക് ജാമ്യ വ്യവസ്ഥയിൽ ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നും 55 നും മധ്യേ പ്രായമുള്ള യുവതി യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വൈറ്റിലയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ ജില്ലാ കാര്യാലയവുമായി ബന്ധപ്പെടുക . ഫോൺ : 0484 2302663, 9400068507

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ തീയറ്റർ ഉപകരണങ്ങളുമായി ബന്ധപ്പെട്ട് ബുക്ക് ലെറ്റുകൾ 1500 എണ്ണം പ്രിന്റ് ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി സെപ്തംബർ 13 ന് ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തന സമയത്ത് നേരിട്ടോ ടെലിഫോൺ/ഇമെയിൽ മുഖാന്തിരമോ ബന്ധപ്പെടാം. ഫോൺ 2365933

# ഗ്രോത്ത് പൾസ് സംരംഭക പരിശീലനം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്റ് (കീഡ്) അഞ്ചുദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. സെപ്തംബർ 24 മുതൽ 28 വരെ കളമശേരിയിലുള്ള കാമ്പസ്സിലാണു പരിശീലനം. നിലവിൽ സംരംഭം തുടങ്ങി അഞ്ചുവർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജിഎസ്ടി ആന്റ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആന്റ് ടീം മാനേജ്മന്റ് വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 3,540 രൂപയാണ് അഞ്ചുദിവസത്തെ പരിശീലന ഫീസ് (കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ് ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് അഞ്ചുദിവസത്തെ പരിശീലന ഫീസ്. പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലന ഫീസ്. താത്പര്യമുള്ളവർ കീഡിന്റെ വെബ്സൈറ്റായ www.kled.infot/raininqcastender/ ൽ ഓൺലൈനായി സെപ്തംബർ 18ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/9188922785.




കുസാറ്റും അപ്പോളോ ടയേഴ്സും തമ്മിൽ ഒപ്പിട്ട ധാരണാപത്രം കുസാറ്റ് രജിസ്ട്രാർ പ്രൊഫ.ഡോ അരുൺ എ.യു അപ്പോളോ ടയേഴ്സ് ഗ്രൂപ്പ് ഹെഡ് എസ്.കെ.പി അമർനാഥും ചേർന്ന് മന്ത്രി പി.രാജീവിൻറെ സാന്നിദ്ധ്യത്തിൽ കൈമാറുന്നു. (ഇടതു നിന്ന്) പ്രൊഫ.ഡോ ഹണി ജോൺ, കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ.പി.ജി ശങ്കരൻ, പ്രൊഫ.ഡോ.എം.കൈലാസ് നാഥ്, പ്രൊഫ.ഡോ.പ്രശാന്ത് രാഘവൻ എന്നിവർ സമീപം.

# അപ്പോളോ ടയേഴ്സുമായി ധാരണാപത്രത്തിൽ ഒപ്പുവച്ച് കുസാറ്റ്

**കൊച്ചി:** പോളിമർ ടെക്നോളജി വിഭാഗത്തിൽ ഒരു പുതിയ ഇൻഡസ്ട്രിഅക്കാദമിയ ജോയിന്റ് എക്സിക്യൂട്ടീവ് എം.ടെക്ക് പ്രോഗ്രാം ആരംഭിക്കുന്നതിൻറെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പും അപ്പോളോ ടയേർസുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.ജി ശങ്കരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കുസാറ്റ് രജിസ്ട്രാർ പ്രൊഫ.ഡോ.അരുൺ എ.യു, അപ്പോളോ ടയേഴ്സിൻറെ ഗ്രൂപ്പ് ഹെഡും എക്സിക്യൂട്ടീവ് എം.ടെക്ക് പ്രോഗ്രമിൻറെ ജോയിൻറ് മാനേജറുമായ എസ്.കെ.പി അമർനാഥ് എന്നിവർ ചേർന്നാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

ഇന്ത്യൻ വ്യവസായത്തിന്റെ വികസനത്തിലും അധ്യാപനപഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും വ്യവസായ പ്രൊഫഷണലുകൾക്ക് അവരുടെ അറിവും വൈദഗ്ധ്യവും നവീകരിക്കാൻ അവസരങ്ങൾ നൽകുന്നതിനും വേണ്ടിയാണ് ഈ സംരംഭം രൂപകൽപ്പന ചെയ്തിരിക്കുന്നത്. 'ഇന്ത്യയിലെ സംസ്ഥാന സർവകലാശാലകളിൽ ആദ്യമായി അവതരിപ്പിക്കുന്ന ഈ എക്സിക്യൂട്ടീവ് എം.ടെക്ക് പ്രോഗ്രാം ഇനിയും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ സർവകലാശാലകളിൽ സജീവമാക്കാൻ അപ്പോളോ ടയേഴ്സിൻറെ സഹകരണം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.' ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നതിനിടെ വ്യവസായ നിയമകയർ വകുപ്പ് മന്ത്രി പി.രാജീവ് അഭിപ്രായപ്പെട്ടു.

ഇന്ത്യൻ റബ്ബർ വ്യവസായത്തിലെ പ്രൊഫഷണലുകൾക്കായി പ്രത്യേകമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പ്രോഗ്രാം, ടയർ മേഖലയിലെ മുൻനിര കമ്പനിയായ അപ്പോളോ ടയേഴ്സുമായി കൈകോർത്താണ് അവതരിപ്പിക്കുന്നത്. ഉയർന്ന വിദ്യാഭ്യാസ നിലവാരം നിലനിർത്തിക്കൊണ്ടുതന്നെ ഓൺലൈൻ അധ്യാപന രീതികൾ പ്രയോജനപ്പെടുത്തി വ്യത്യസ്തമായ പഠന ഓപ്ഷനുകൾ നൽകുന്നതും ഈ പരിപാടിയുടെ പ്രധാന സവിശേഷതകളിൽ ഉൾപ്പെടുന്നു. ഈ എം.ടെക് പ്രോഗ്രാം തുടക്കത്തിൽ അപ്പോളോ ടയേഴ്സ് സ്പോൺസർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് മാത്രമായിരിക്കും. കൂടാതെ മൂന്ന് വർഷത്തിലൊരിക്കൽ കുറഞ്ഞത് പത്ത് ഉദ്യോഗാർത്ഥികളെയാണ് അവർ സ്പോൺസർ ചെയ്യുക. ഭാവിയിൽ മറ്റ് റബ്ബർ വ്യവസായങ്ങളിൽ നിന്നുള്ള പ്രൊഫഷണലുകൾക്കും ഈ പരിപാടി ലഭ്യമാക്കും.

ചടങ്ങിൽ പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പിലെ പ്രൊഫസറും ഐ.യു.സി.എൻ.ഡി ഡയറക്ടറുമായ പ്രൊഫ.ഡോ.ഹണി ജോൺ, ഇൻറർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് പ്രൊഫസറും കുസാറ്റ് ടെക്നോളജി ഡീൻ ഓഫ് ഫാക്കൽറ്റിയുമായ പ്രൊഫ.ഡോ.എം.കൈലാസ് നാഥ്, പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പ് മേധാവി പ്രൊഫ.ഡോ.പ്രശാന്ത് രാഘവൻ എന്നിവർ സംസാരിച്ചു. കൂടാതെ ചടങ്ങിൽ, വയനാട് ദുരിതബാധിതർക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന, മന്ത്രി പി.രാജീവിന് അപ്പോളോ ടയേഴ്സ് ഗ്രൂപ്പ് കൈമാറി.

## കൈരളിയിൽ ഓണം വിപണനമേള ആരംഭിച്ചു

**കൊച്ചി:** കരകൗശല വികസന കോർപ്പറേഷൻ കേരള ലിമിറ്റഡിന്റെ എം.ജി. റോഡിലുള്ള കൈരളി ശാഖയിൽ ഓണം വിപണനമേളയുടെ ഉദ്ഘാടനം കോർപ്പറേഷൻ ചെയർമാൻ രാമഭദ്രൻ നിർവഹിച്ചു. മേളയുടെ ആദ്യ വില്പന കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർ പത്മജ എസ് മേനോൻ നിർവഹിച്ചു.. ചടങ്ങിൽ സാമൂഹ്യ പ്രവർത്തകരായ ശ്രീമൂലനഗരം രാധാകൃഷ്ണൻ, ശ്രീമൂലനഗരം മനുശങ്കർ എന്നിവർ സന്നിഹിതരായിരുന്നു. സെപ്തംബർ 18 വരെ എല്ലാ ഉല്പന്നങ്ങൾക്കും 10 ശതമാനം ഗവൺമെന്റ് റിബേറ്റും, 2000 രൂപയ്ക്ക് മുകളിൽ ഉത്പന്നങ്ങൾ വാങ്ങിയാൽ സമ്മാന കൂപ്പണും ലഭ്യമാകും. ഈട്ടിത്തടിയിലും കുമ്പിൾത്തടിയിലും ലോഹത്തിലും നിർമ്മിച്ച ശിൽപ്പങ്ങൾ, നെറ്റിപ്പട്ടം, നെട്ടൂർ പെട്ടികൾ, ആറന്മുളക്കണ്ണാടി, ചുണ്ടൻവള്ളം, കഥകളി കോസ്റ്റ്യൂം, ഹൗസ് ബോട്ട്, പുരം ആനകൾ, ഈട്ടിത്തടിയിലുള്ള ആനകൾ, കഥകളി തലകൾ, വിവിധയിനം ബോക്സുകൾ, ചന്ദനതൈലം, ചന്ദനത്തടി, ചന്ദനമാല, ലാമിനേറ്റഡ് മാറ്റ്, സ്ട്രോ പിക്ചർ എന്നിവയും മേളയുടെ ആകർഷണമാണ്.

## സപ്ലൈകോയുടെ ഓണം ഫെയറുകൾ ഇന്ന് മുതൽ

**കൊച്ചി:** നിയോജകമണ്ഡല തലത്തിലുള്ള സപ്ലൈകോയുടെ ഓണം ഫെയറുകൾ ഇന്ന് (സെപ്റ്റംബർ 10) ആരംഭിക്കും . ഓരോ നിയോജകമണ്ഡലത്തിലെയും ഒരു സൂപ്പർമാർക്കറ്റ് വീതമാണ് ഓണം ഫെയർ ആയി പ്രവർത്തിക്കുക.

പെരുമ്പാവൂർ സൂപ്പർമാർക്കറ്റ്, അങ്കമാലി പീപ്പിൾസ് ബസാർ, കോലഞ്ചേരി സൂപ്പർമാർക്കറ്റ്, പിറവം ഹൈപ്പർ മാർക്കറ്റ്, കോതമംഗലം സൂപ്പർമാർക്കറ്റ്, മൂവാറ്റുപുഴ സൂപ്പർ മാർക്കറ്റ്, വൈപ്പിനിലെ നായരമ്പലം മാവേലി സ്റ്റോർ, പറവൂർ പീപ്പിൾസ് ബസാർ, കളമശ്ശേരി നീരിക്കോട് മാവേലി സ്റ്റോർ, തൃപ്പൂണിത്തുറ സൂപ്പർ മാർക്കറ്റ്, ആലുവ സൂപ്പർമാർക്കറ്റ്, എറണാകുളം ഗാന്ധിനഗർ ഹൈപ്പർമാർക്കറ്റ്, കൊച്ചി ചുള്ളിക്കൽ പീപ്പിൾസ് ബസാർ, തൃക്കാക്കര വൈറ്റില സൂപ്പർമാർക്കറ്റ് എന്നിവയാണ് നിയോജകമണ്ഡലം ഫെയറുകൾ ആയി പ്രവർത്തിക്കുക.എറണാകുളം മറൈൻഡ്രൈവിൽ പ്രവർത്തിക്കുന്ന സപ്ലൈകോ ജില്ലാ ഓണം ഫെയറിന് പുറമെയാണ് നിയോജകമണ്ഡല തലത്തിലുള്ള ഫെയറുകൾ സംഘടിപ്പിക്കുന്നത്.ഓണംഫെയറുകളിലും എല്ലാ സപ്ലൈകോ വില്പനശാലകളിലും നിത്യോപയോഗ സാധനങ്ങൾക്ക് 45% വരെ വിലക്കുറവുണ്ട്. ഫെയറുകളിലും സൂപ്പർമാർക്കറ്റുകളിലും ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെ ഡീപ്പ് ഡിസ്കൗണ്ട് അവേഴ്സ് പദ്ധതി നടപ്പാക്കുന്നുണ്ട്. സാധനങ്ങൾക്ക് 50 ശതമാനം വരെ വിലക്കുറവ് ഡീപ്പ് ഡിസ്കൗണ്ട് അവേഴ്സിൽ ലഭിക്കും. സെപ്റ്റംബർ 14 വരെയാണ് സപ്ലൈകോ ഓണം ഫെയറുകൾ സംഘടിപ്പിക്കുന്നത്.

# ഓണ വിപണി: ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കി

**തിരുവനന്തപുരം:** ഓണക്കാലത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധനകൾ ശക്തമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 45 പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചാണ് പരിശോധന. ഓണക്കാലത്ത് വിപണിയിൽ അധികമായെത്തുന്ന പാൽ, ഭക്ഷ്യ എണ്ണകൾ, പപ്പടം, പായസം മിശ്രിതം, ശർക്കര, നെയ്യ്, വിവിധ തരം ചിപ്സ്, പച്ചക്കറികൾ, ചായപ്പൊടി, പരിപ്പുവർഗങ്ങൾ, പഴങ്ങൾ, മത്സ്യം, മാംസം തുടങ്ങിയവയുടെ ഉത്പാദന വിതരണ വില്പന കേന്ദ്രങ്ങളിലും, ഹോട്ടൽ, ബേക്കറി, തട്ടുകടകൾ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവിടങ്ങളിലും ചെക്ക് പോസ്റ്റുകളിലും പരിശോധനയുണ്ടാകും. പായ്ക്കറ്റുകളിൽ നൽകുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ലേബൽ വിവരങ്ങളും പരിശോധിക്കും. വീഴ്ചകൾ കണ്ടെത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഓണക്കാലത്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും അധികമായെത്തുന്ന പാൽ, എണ്ണ, പച്ചക്കറികൾ എന്നിവയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് 24 മണിക്കൂറും പരിശോധന നടത്തും. വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സഹായത്തോടെയായിരിക്കും പരിശോധനകൾ. പാൽ, പാൽ ഉത്പ്പന്നങ്ങൾ എന്നിവയുടെ പരിശോധനയ്ക്കായി ഇടുക്കിയിലെ കുമളി, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, വാളയാർ, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നിവിടങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ പ്രത്യേക സ്‌ക്വാഡിനെ നിയോഗിച്ചു. 24 മണിക്കൂറും ഇവിടെ പരിശോധനകൾ ഉണ്ടാകും.

ഭക്ഷ്യസുരക്ഷാ ലൈസൻസെടുക്കാതെ ഒരു സ്ഥാപനവും പ്രവർത്തിക്കാൻ അനുവദിക്കില്ല. നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം അനുസരിച്ച് നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി വ്യാപാരികളും ഉപഭോക്താക്കളും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വ്യാപാരികൾ ഭക്ഷ്യ സുരക്ഷ ലൈസൻസ്/ രജിസ്ട്രേഷൻ ഉപഭോക്താക്കൾ കാണുന്ന വിധം സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽപ്പനയ്ക്കായി സ്ഥാപനത്തിൽ സൂക്ഷിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യരുത്. പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾ നിയമാനുസൃതമായ ലേബൽ വ്യവസ്ഥകളോടെ മാത്രമേ വിൽക്കാൻ പാടുള്ളൂ. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളും, വ്യക്തികളും ശുചിത്വ ശീലങ്ങൾ കർശനമായും പാലിച്ചിരിക്കണം. ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്.

പാഴ്സൽ ഭക്ഷണം നൽകുന്നവർ ഫുഡ് ഗ്രേഡ് കണ്ടെയ്നറുകൾ മാത്രമേ ഭക്ഷണം വിതരണം ചെയ്യാൻ ഉപയോഗിക്കാവൂ. പായ്ക്കറ്റിന് പുറത്ത് ലേബൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും വേണം. ഭക്ഷണത്തിൽ നിരോധിച്ച നിറങ്ങൾ ചേർക്കുകയോ അനുവദനീയമായ അളവിൽ കൂടുതൽ നിറങ്ങൾ ചേർക്കുകയോ ചെയ്യരുത്.

ഉപഭോക്താക്കൾ പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കൾ വാങ്ങുമ്പോൾ നിർമ്മാണ തീയതി, കാലാവധി മുതലായ ലേബൽ വിവരങ്ങൾ പരിശോധിച്ചതിന് ശേഷമേ വാങ്ങാവൂ.

## ടെക്സ്റ്റൈൽ സ്പിന്നിംഗ് മിൽ: ബോണസ് തീരുമാനമായി

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ ടെക്സ്റ്റൈൽസ് സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികൾക്ക് നിയമാനുസൃത നിരക്കിലുള്ള ബോണസിനോടൊപ്പം അറ്റൻഡൻസ് ഇൻസെന്റീവ് കഴിഞ്ഞവർഷത്തേക്കാൾ ഒരു രൂപ വർദ്ധിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു. അഡിഷണൽ ലേബർ കമ്മീഷണർ കെ ശ്രീലാലിന്റെ അധ്യക്ഷതയിൽ ചേർന്ന തൊഴിലാളി മാനേജ്മെന്റ് പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം.

ഇതോടെ ഏറ്റവും കുറഞ്ഞ അറ്റൻഡൻസ് ഇൻസെന്റീവ് 12 രൂപയിൽ നിന്നും 13 രൂപയായും അതിൽ കൂടുതൽ ലഭിച്ചിരുന്ന വർക്ക് അതിൽ നിന്നും ഒരു രൂപ വർദ്ധനവും ലഭിക്കുമെന്ന് അഡീഷണൽ ലേബർ കമ്മീഷണർ അറിയിച്ചു. ആനുകൂല്യങ്ങൾ ഈ മാസം 11ന് മുൻപായി വിതരണം ചെയ്യുന്നതിനും തീരുമാനമായി. തിരുവനന്തപുരം ലേബർ കമ്മീഷണറേറ്റിൽ ചേർന്ന യോഗത്തിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ കെ എസ് സിന്ധു, തൊഴിലാളി സംഘടന പ്രതിനിധികളായ എം ആർ രാജൻ, അശോകൻ കെ പി , പി രാജു, വിജയൻ കുനിശ്ശേരി, പി കെ രവീന്ദ്രനാഥ് എം സിദ്ദീഖ്, വി വി ശശീന്ദ്രൻ , മാനേജ്മെന്റ് പ്രതിനിധികളായ അരുണാചലം സുകുമാർ, പി എസ് ശ്രീകുമാർ, ഹോബി ബി ആർ , സാജിദ് അബ്ബാസ്, എബി തോമസ് , കെ പി മുഹമ്മദ് ഷാനിഫ് തുടങ്ങിയവരും സംബന്ധിച്ചു




# പുതിയ ഹ്യുണ്ടായ് അൽകാസർ പുറത്തിറക്കി

**കൊച്ചി:** ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡ് (എച്ച്എംഐഎൽ) 6, 7 സീറ്റുകളുള്ള പ്രീമിയം എസ്‌യുവിയായ ബോൾഡ് പുതിയ ഹ്യുണ്ടായ് അൽകാസർ പുറത്തിറക്കി. പുതിയ ഹ്യുണ്ടായ് അൽകാസർ 14,99,000 പ്രാരംഭ വിലയിൽ അവതരിപ്പിച്ചു

വ്യതിരിക്തമായ ഡിസൈൻ, പ്രീമിയം ഇന്റീരിയറുകൾ, നൂതന സാങ്കേതികവിദ്യ, സുരക്ഷാ ഫീച്ചറുകൾ എന്നിവയാണ് എസ്‌യുവിയുടെ പ്രത്യേകതകൾ. 9 നിറങ്ങളിലും 4 വേരിയന്റുകളിലും ഇത് ലഭ്യമാകും.

# ഇൻവെസ്കോ മ്യൂച്വൽ ഫണ്ട് ആരംഭിച്ചു

**കൊച്ചി:** ഇൻവെസ്കോ മ്യൂച്വൽ ഫണ്ട് സാങ്കേതികവിദ്യയിലും ബന്ധപ്പെട്ട മേഖലകളിലും നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് പദ്ധതിയായ പുതിയ ഇൻവെസ്കോ ഇന്ത്യ ടെക്നോളജി ഫണ്ട് അവതരിപ്പിച്ചു. ഈ ഫണ്ട് 80100 ശതമാനം ടെക്നോളജി, ടെക്നോളജി അനുബന്ധ കമ്പനികളുടെ ഇക്വിറ്റികളിലും ഇക്വിറ്റിയുമായി ബന്ധപ്പെട്ട സാമ്പത്തിക പദ്ധതികളിലും നിക്ഷേപിച്ച് നേട്ടമുണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. നിഫ്റ്റി ഐടി ടിആർഐയിലേക്ക് ബെഞ്ച്മാർക്ക് ചെയ്യുന്ന ഫണ്ടിന് ഹിതൻ ജെയ്നും ആദിത്യ ഖേമാനിയുമായിരിക്കും ഫണ്ട് മാനേജർമാർ.

ആയിരം രൂപയാണ് അനുവദിച്ചിരിക്കുന്ന കുറഞ്ഞ നിക്ഷേപതുക. തുടർന്ന് ഒരു രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. എസ്ഐപി നിക്ഷേപകർക്കുള്ള കുറഞ്ഞ തുക 500 രൂപയാണ്. തുടർന്ന് ഒരു രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം.

പുതിയ ഫണ്ട് ഓഫർ എൻഎഫ്ഒ)സബ്സ്ക്രിപ്ഷൻ 03 സെപ്റ്റംബർ 2024 മുതൽ ആരംഭിച്ചു, 2024 സെപ്റ്റംബർ 17ന് അവസാനിക്കും.

# യുവാക്കളിലെ ഉറക്കക്ഷീണം: സർവേ റിപ്പോർട്ട് പുറത്ത്

**കൊച്ചി:** ഇന്ത്യയിലെ 85% യുവാക്കളും ഉറങ്ങി എഴുന്നേൽക്കുന്നത് കടുത്ത ക്ഷീണത്തോടെയാണെന്ന് സർവേ പഠനം. പ്രമുഖ മൾട്ടി വൈറ്റമിൻ ബ്രാൻഡായ സുപ്രാഡിൻ കൊച്ചി ഉൾപ്പെടെ രാജ്യത്തെ 10 നഗരങ്ങളിൽ സുപ്രാഡിൻ ഫെറ്റിഗ് എന്ന പേരിൽ നടത്തിയ സർവേയിലാണ് ഈ കണ്ടെത്തൽ. ദേശീയ പോഷക വാരത്തിന്റെ ഭാഗമായി പുറത്തിറക്കിയ സർവേ ഒരു രാഷ്ട്രം 100% പോഷകം എന്ന സുപ്രാഡിന്റെ ലക്ഷ്യവുമായി ബന്ധപ്പെട്ടുണ്ട്. ഇന്ത്യയിലെ തൊഴിലെടുക്കുന്ന ജനങ്ങൾക്കിടയിൽ കടുത്ത ക്ഷീണം ഗുരുതരമാംവിധം ഉയരുന്നതിലേക്ക് വെളിച്ചം വീശുന്നതാണ് ഈ കണ്ടെത്തലുകൾ. പ്രാദേശികവും ജനസംഖ്യാപരവുമായ നിർണായ യകമായ വ്യതിയാനങ്ങളും സർവേയിൽ കണ്ടെത്തുന്നുണ്ട്. 10 നഗരങ്ങളിലായി 25നും 45നും മധ്യേ പ്രായമുള്ളവരിലാണ് സർവേ നടത്തിയത്. അവശ്യ സൂക്ഷ്മ പോഷക ഘടകങ്ങളും മൾട്ടി വൈറ്റമിനുകളും ലഭിക്കാത്തതിനാൽ തങ്ങൾ കുറഞ്ഞ ഊർജ തലങ്ങളിലേക്ക് പോകുന്നുവെന്ന് 96% ഇന്ത്യക്കാരും കരുതുന്നതായി സർവേ അഭിപ്രായപ്പെടുന്നു.25നും 45നും ഇടയിൽ പ്രായമുള്ളവരിൽ 83 ശതമാനത്തിനും തളർച്ച മൂലം ഇടക്കിടെ തൊഴിലിൽ ഇടവേള ആവശ്യമായി വരുന്നുണ്ട്. അതേസമയം 74% പേർ പകൽ സമയത്ത് ഉറക്കം തൂങ്ങൽ പ്രശ്നത്തെയും നേരിടുന്നു.ക്ഷീണം മൂലം തങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നില്ലെന്ന് 66 ശതാനം പേർ അഭിപ്രായപ്പെട്ടു. നമ്മുടെ രാജ്യത്തെ പോഷക വിടവ് പരിഹരിക്കേണ്ടതിന്റെ അടിയന്തിരമായ ആവശ്യം അടിവരയിടുന്നതാണ് ഈ കണ്ടെത്തലുകളെന്ന് ബേയർ കൺസ്യൂമർ ഹെൽത്ത് ഡിവിഷന്റെ ഇന്ത്യ, ബംഗ്ലാദേശ്, ശ്രീലങ്ക കൺട്രി ഹെഡ് സന്ദീപ് വർമ പറഞ്ഞു.

# എസ്ബിഐ ഫൗണ്ടേഷൻ ആശാ സ്കോളർഷിപ്പ് പ്രോഗ്രാം 2024 പ്രഖ്യാപിച്ചു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സിഎസ്ആർ വിഭാഗമായ എസ്ബിഐ ഫൗണ്ടേഷൻ ആശാ സ്കോളർഷിപ്പ് പ്രോഗ്രാമിന്റെ മൂന്നാം പതിപ്പ് പ്രഖ്യാപിച്ചു. രാജ്യത്തുടനീളമുള്ള പിന്നോക്ക പശ്ചാത്തലത്തിൽ നിന്നുള്ള മിടുക്കരായ 10,000 വിദ്യാർത്ഥികൾക്ക് പിന്തുണ ഉറപ്പുനൽകുന്ന പദ്ധതിയാണ് ആശാ സ്കോളർഷിപ്പ്.

ആറാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000 മുതൽ 20 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് ലഭിക്കും. സ്കൂൾ വിദ്യാർത്ഥികൾ, ബിരുദ തലം, ബിരുദാനന്തര ബിരുദ തലം, ഇന്ത്യയിലെ ഐഐടികളിലും ഐഐഎമ്മുകളിലും പഠിക്കുന്നവർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലുള്ളവർക്ക് ഈ പ്രോഗ്രാം സ്കോളർഷിപ്പ് വാഗ്ദാനം ചെയ്യുന്നു. പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്കായി രൂപകൽപ്പന ചെയ്ത 'സ്റ്റഡി എബ്രോഡ്' വിഭാഗം ലോകമെമ്പാടുമുള്ള പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് ബിരുദാനന്തര ബിരുദവും അതിനു മുകളിലുമുള്ള വിദ്യാഭ്യാസം നേടുന്നതിന് സഹായം ലഭ്യമാക്കും.

2024 ഒക്ടോബർ 1 വരെ https://www.sbifashascholarship.org എന്ന വെബ്സൈറ്റിലൂടെ സ്കോളർഷിപ്പിനായി അപേക്ഷിക്കാം. യോഗ്യതയെയും സമയക്രമത്തെയും കുറിച്ചുള്ള വിശദാംശങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ വിദ്യാർത്ഥികൾക്ക് sbiashascholarship@buddy4study.com എന്ന ഇമെയിൽ ഹെൽപ്പ് ലൈനിലും തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മുതൽ വൈകുന്നേരം 6 വരെ 011 43092248 (എക്സ്റ്റൻഷൻ: 303) എന്ന ഫോൺ ഹെൽപ്പ് ലൈനിലും വിവരങ്ങൾ അന്വേഷിക്കാവുന്നതാണ്.

ഏറ്റവും പിന്നോക്കം നിൽക്കുന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള മിടുക്കരായ വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിനും പിന്തുണയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് ആശാ സ്കോളർഷിപ്പ് പ്രോഗ്രാം. 2022ൽ ആരംഭിച്ച സ്കോളർഷിപ്പ് പ്രോഗ്രാം 3,198 വിദ്യാർത്ഥികൾക്കായി 3.91 കോടി രൂപയുടെ സാമ്പത്തിക സഹായം ഇതിനോടകം നൽകിയിട്ടുണ്ട്.

ബാങ്കിംഗിനപ്പുറമുള്ള എസ്ബിഐ സേവനങ്ങളുടെ പ്രധാന മൂല്യം ഉൾക്കൊള്ളുന്ന പദ്ധതിയാണ് ആശാ സ്കോളർഷിപ്പെന്നും എല്ലാവരുടെയും പുരോഗതിയിലേക്കും അഭിവൃദ്ധിയിലേക്കുമുള്ള നമ്മുടെ രാജ്യത്തിന്റെ മുന്നേറ്റത്തിന് സജീവ സംഭാവന നൽകുന്നതാണ് അതെന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെയർമാൻ ചല്ല ശ്രീനിവാസുലു സെട്ടി പറഞ്ഞു.

# പ്രവാസികൾക്ക് പ്രത്യേക ആനുകൂല്യങ്ങളുമായി ആക്സിസ് ബാങ്കിന്റെ ഓണാഘോഷം

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് ഓണത്തോടനുബന്ധിച്ച് 'എൻആർഐ ഹോം കമിങ്' അവതരിപ്പിച്ചു. പ്രവാസി ഉപഭോക്താക്കൾക്കും കുടുംബങ്ങൾക്കും വേണ്ടി നിരവധി ആനുകൂല്യങ്ങളാണ് ഇതിന്റെ ഭാഗമായി സെപ്റ്റംബർ 30വരെ നൽകുന്നത്.

എൻആർഇ, എൻആർഒ, എഫ്സിഎൻആർ, ഗിഫ്റ്റ് സിറ്റി സ്ഥിര നിക്ഷേപങ്ങൾ തുടങ്ങിയവയ്ക്ക് ആകർഷകമായ പലിശ നിരക്കുകളും സൗകര്യപ്രദമായ കാലാവധിയും ലഭ്യമാക്കും. ആക്സിസ് ബാങ്കുമായി ചേർന്ന് ട്രേഡിങ്, ഡീമാറ്റ് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനുള്ള ബ്രോക്കറേജ് ഫീസുകൾ 0.75 ശതമാനത്തിൽ നിന്ന് 0.55 ശതമാനമായി ഇളവു ചെയ്യും. റെമിറ്റ് മണി വഴി പണം കൈമാറ്റം ചെയ്യുമ്പോൾ ഡോളറിനു മാത്രം ബാധകമായ രീതിയിൽ കാർഡ് നിരക്കിനേക്കാൾ 60 പൈസ കുറഞ്ഞ നിരക്കു ലഭ്യമാക്കും. വയർ ട്രാൻസ്ഫർ വഴി കൈമാറ്റം ചെയ്യുമ്പോൾ ഡോളർ, പൗണ്ട്, യൂറോ എന്നിവയ്ക്ക് കാർഡ് നിരക്കിനേക്കാൾ 80 പൈസ കുറഞ്ഞ നിരക്കു ലഭ്യമാക്കും.

സാംസംഗ്, ബിഗ്ബാസ്ക്കറ്റ്, മിന്ത്ര തുടങ്ങിയ ബ്രാൻഡുകളിൽ ഡിസ്ക്കൗണ്ടുകളും ക്യാഷ് ബാക്കുകളും ലഭിക്കും. യോജനപരിചരണ സേവന ദാതാവായ സമർത്ഥുമായി സഹകരിച്ച് എൻആർഐ ഉപഭോക്താക്കൾക്കും അവരുടെ കുടുംബങ്ങൾക്കും പ്രത്യേകം തയ്യാറാക്കിയ ഓഫറുകൾ ലഭ്യമാക്കും. സമർത്ഥ് പ്രിവിലേജ് പദ്ധതിയുടെ വാർഷിക വരിസംഖ്യയിൽ 50 ശതമാനം ഇളവു ലഭിക്കും. വെൽനസ് സേവന ദാതാവായ ഡോക്ഓൺലൈനുമായി ചേർന്ന് എൻആർഐ ഉപഭോക്താക്കൾക്കും അവരുടെ കുടുംബങ്ങൾക്കുമായി ഇഷ്ടാനുസൃതമാക്കിയ അഞ്ച് ഹെൽത്ത് കെയർ സേവനങ്ങളിൽ 25 ശതമാനം ഇളവു നൽകുന്നതാണ് മറ്റൊരു ആനുകൂല്യം.

ആഘോഷങ്ങൾക്ക് മാറ്റുകൂട്ടാനായി കേരളത്തിലെ തെരഞ്ഞെടുത്ത 61 ബ്രാഞ്ചുകളിൽ ആക്സിസ് ബാങ്ക് ഓപൺ ഡ്രേം സംഘടിപ്പിക്കും. ഈ കാമ്പെയിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകാൻ ആസ്റ്റർ മെഡ്സിറ്റി, ആസ്റ്റർ മെഡി ലാബ്, ആസ്റ്റർ ഫാർമ, ഓപ്പോ, പിവിആർ, കെഎഫ്സി എന്നിവയുമായി ബാങ്ക് സഹകരിക്കുന്നുണ്ട്.പ്രത്യേകമായി തയ്യാറാക്കിയ ഈ ആനുകൂല്യങ്ങളിലൂടെ പ്രവാസി ഇടപാടുകാരുമായുള്ള ബന്ധം കൂടുതൽ ശക്തമാക്കി മുന്നോട്ടു കൊണ്ടുപോകാനാണ് ബാങ്ക് ശ്രമിക്കുന്നതെന്ന് ആക്സിസ് ബാങ്ക് ബ്രാഞ്ച് ബാങ്കിങ് മേധാവിയും പ്രസിഡന്റുമായ അർണിക ദീക്ഷിത് പറഞ്ഞു. കേരളത്തിൽ നിന്നുള്ള പ്രവാസികൾക്ക് സേവനം ലഭ്യമാക്കാനായി ആക്സിസ് ബാങ്കിന് കേരളത്തിൽ മൊത്തം 153 ശാഖകളും 277 എടിഎമ്മുകളും മിഡിൽ ഈസ്റ്റിൽ മൂന്ന് പ്രതിനിധി ഓഫീസുകളും (ദുബായ്, അബുദാബി & ഷാർജ) ഉണ്ട്.

# രാജ്യത്ത് തൊഴിലവസരങ്ങളൊരുക്കി മുത്തൂറ്റ് മൈക്രോഫിൻ തൊഴിൽ മേളകൾ

കൊച്ചി: രാജ്യത്ത് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് മുത്തൂറ്റ് മൈക്രോഫിൻ 13 സംസ്ഥാനങ്ങളിലെ 29 ഇടങ്ങളിലായി തൊഴിൽ മേളകൾ നടത്തുന്നു. തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുകയും രാജ്യവ്യാപകമായി സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള പ്രതിബദ്ധതയുടെ ഭാഗമായാണ് തൊഴിൽ മേളകൾ നടത്തുന്നത്.

റിലേഷൻഷിപ്പ് ഓഫീസർ, ഫീൽഡ് ഓഫീസർ, ബ്രാഞ്ച് റിലേഷൻഷിപ്പ് മാനേജർ, ബാഞ്ച് ക്രെഡിറ്റ് മാനേജർമാർ തുടങ്ങി വിവിധ മേഖലകളിൽ 1500ലധികം തൊഴിലുകൾ സൃഷ്ടിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ മാസം തമിഴ്നാട്ടിലെ തിരുപ്പൂർ, പുതുക്കോട്ടൈ, ഈറോഡ്, മണപ്പാറ, തിരുവാരൂർ, ചെങ്കൽപട്ട്, തിരുനൽവേലി, തിരുവണ്ണാമലൈ, അരിയല്ലൂർ, വടല്ലൂർ, വിരുദുനഗർ, നാഗർകോവിൽ എന്നിവിടങ്ങളിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കും.

ബീഹാർ, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, കേരളം, മഹാരാഷ്ട്ര, ഒഡീഷ, രാജസ്ഥാൻ എന്നിവിടങ്ങളിൽ നടത്തിയ തൊഴിൽ മേളകളിൽ ഇതുവരെ മൂവായിരത്തിലധികം പേർ പങ്കെടുത്തു. തിരഞ്ഞെടുക്കുന്നവർക്ക് അന്നേ ദിവസം തന്നെ ഓഫർ ലെറ്ററും നൽകും.

തങ്ങളുടെ തൊഴിൽ മേളകൾ കേവലം തിരഞ്ഞെടുപ്പ് പ്രക്രിയ മാത്രമല്ലെന്നും ഗ്രാമീണ ഇന്ത്യയെ ശാക്തീകരിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണെന്നും മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദഫ് സയീദ് പറഞ്ഞു. 2024 25 വർഷത്തെ ബജറ്റ് മുന്നോട്ടുവയ്ക്കുന്ന വികസിത ഭാരത് സങ്കൽപ്പത്തിന് അനുസൃതമായാണ് മുത്തൂറ്റ് മൈക്രോഫിൻ തൊഴിൽ മേളകളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പോർട്ടർ ലോജിസ്റ്റിക്സ് സേവനങ്ങൾ തിരുവനന്തപുരത്തേക്ക് വ്യാപിപ്പിക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെക്ഡ്രിവൻ, ഓൺഡിമാൻഡ് ലോജിസ്റ്റിക്സ് കമ്പനികളിലൊന്നായ പോർട്ടർ, സമഗ്രമായ ഒരു കൂട്ടം ലോജിസ്റ്റിക്സ് സേവനങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് തിരുവനന്തപുരം നഗരത്തിൽ പ്രവേശിക്കുന്നതായി പ്രഖ്യാപിച്ചു. ഇതോടെ കൊച്ചി ഉൾപ്പെടെ കേരളത്തിലെ രണ്ട് പ്രധാന നഗരങ്ങളിൽ പോർട്ടർ സാന്നിധ്യമറിയിക്കുന്നു. ഒരു ദശാബ്ദക്കാലത്തെ മികവ് കൈമുതലാക്കി, രണ്ടാം നിര, മൂന്നാം നിര വിപണികളിലേക്കുള്ള പോർട്ടറിന്റെ തന്ത്രപരമായ വിപുലീകരണത്തിലൂടെ ഇരുചക്രവാഹന ഗതാഗതം വഴി മേഖലയിലെങ്ങും തടസ്സമില്ലാത്ത ചരക്കുനീക്കം സുഗമമാക്കാനാണ് കമ്പനി ശ്രമിക്കുന്നത്. വരും മാസങ്ങളിൽ, വിവിധങ്ങളായ ലോജിസ്റ്റിക് ആവശ്യകതകൾ ഉൾക്കൊള്ളുന്നതിനായി മൂന്നുചക്ര വാഹനങ്ങൾ അവതരിപ്പിച്ച് പോർട്ടർ തങ്ങളുടെ വാഹന വിഭാഗങ്ങൾ കൂടുതൽ വൈവിധ്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഹെക്സവെയർ ടെക്നോളജീസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** നിർമ്മിത ബുദ്ധി അധിഷ്ഠിതമായി ആഗോള തലത്തിൽ സാങ്കേതികവിദ്യ, ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്ന ഹെക്സവെയർ ടെക്നോളജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പ്രമോട്ടറായ സിഎ മാഗ്നം ഹോൾഡിംഗ് സിൻറെ (കാർലൈൽ പ്രൈവറ്റ് ഇക്വിറ്റിയുടെ ഒരു പങ്കാളി) 9,950 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ടോളിൻസ് ടയേഴ്സ് ഐപിഒയ്ക്ക്

**കൊച്ചി:** കേരളം ആസ്ഥാനമായുള്ള ടോളിൻസ് ടയേഴ്സിന്റെ ഐപിഒയ്ക്ക് 5 രൂപ മുഖവിലയുള്ള ഓഹരികൾ 215226 രൂപ വിലനിലവാരത്തിലാണ് ഈ ഇഷ്യുവിലൂടെ ലഭ്യമാവുക. അപേക്ഷിക്കാനുള്ള അവസാനതീയതി സെപ്തംബർ 11. ചുരുങ്ങിയത് 66 എണ്ണം ഓഹരികൾക്ക് അപേക്ഷിക്കണം. തുടർന്ന് 66ന്റെ ഗുണിതങ്ങളായും അപേക്ഷിക്കാം.

ഈ ഐപിഒയിലൂടെ 230 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഇതിൽ 200 കോടിയുടെ പുതിയ ഓഹരികളും ശേഷിച്ച 30 കോടിയുടേത് പ്രൊമോട്ടർമാർ അവരുടെ ഒരു വിഹിതം വിൽക്കുന്നതുമാണ്. അപേക്ഷിക്കുന്നവരിൽ അർഹരായവർക്ക് സെപ്തംബർ 12ന് ഡിമാറ്റ് അക്കൗണ്ടുകളിൽ ഓഹരി ലഭ്യമായേക്കും. ബിഎസ്ഇയിലും എൻഎസ്ഇയിലും സെപ്തംബർ 16ന് ലിസ്റ്റു ചെയ്യാനാണ് ലക്ഷ്യമിടുന്നത്.

നിർമാണ വ്യവസായരംഗത്തു നിന്നുള്ള ഒരു കേരളീയ കമ്പനിയുടെ ഐപിഒ വരുന്നത് നീണ്ട ഇടവേളയ്ക്കു ശേഷമാണെന്ന് സവിശേഷതയും ടോളിൻസ് ടയേഴ്സിന്റെ ഈ ഓഹരിവിൽപ്പനയ്ക്കുണ്ട്. വായ്പകൾ തിരിച്ചടയ്ക്കുന്നതിനും പ്രവർത്തന മൂലധന ആവശ്യങ്ങൾക്കുമാണ് ധനസമാഹരണം.ഡോ. കെ വി ടോളിനും ഭാര്യ ജെറിൻ ടോളിനുമാണ് കമ്പനിയുടെ മുഖ്യപ്രൊമോട്ടർമാർ. 1982ൽ ടോളിന്റെ പിതാവ് കെ പി വർക്കി സ്ഥാപിച്ച കമ്പനി രാജ്യത്തെ പ്രമുഖ ടയർ, ടയർ റീട്രെഡ് നിർമാതാവാണ്. 202324 സാമ്പത്തികവർഷം നേടിയ വിറ്റുവരവ് 227.21 കോടി രൂപ. ലാഭം 26 കോടി രൂപ. കമ്പനിയുടെ മൂന്നു ഫാക്ടറികളിൽ രണ്ടെണ്ണം കാലടി മറ്റൂരിലും ഒരെണ്ണം യുഎയിലെ റാസൽഖൈമ അൽ ഹംമ്ര ഇൻഡസ്ട്രിയൽ സോണിലുമാണ് കമ്പനിയുടെ മൂന്ന് ഫാക്ടറികൾ.

ടൂവീലർ, ത്രീവീലർ, കാർ, ചെറുകിട വാണിജ്യ വാഹനങ്ങൾ, കാർഷിക വാഹനങ്ങൾ എന്നിവയുടെ ടയറുകളാണ് കമ്പനി നിർമിക്കുന്നത്. മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലെ വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതിയുമുണ്ട്.




# കൊച്ചിയിൽ യുവി സ്പേസ് സ്റ്റേഷൻ തുറന്ന് അൾട്രാവയലറ്റ്

**കൊച്ചി :** പ്രമുഖ ഇലക്ട്രിക്ക് വാഹനകമ്പനിയായ അൾട്രാവയലറ്റ് കൊച്ചിയിൽ യുവി സ്പേസ് സ്റ്റേഷൻ എക്സ്പീരിയൻസ് സെന്റർ തുറന്നു. പാലാരിവട്ടം ബൈപാസിലാണ് യു.വി സ്റ്റേഷൻ.പൂനെയ്ക്കും അഹമ്മദാബാദിനും ശേഷം ഇന്ത്യയിലെ അൾട്രാവയലറ്റിന്റെ നാലാമത്തെ കേന്ദ്രമാണിത്. കമ്പനിയുടെ മികവും പുതുമയോടുള്ള അഭിനിവേശവും വിളിച്ചറിയിക്കുന്നതാണ് കൊച്ചിയിലെ എക്സ്പീരിയൻസ് സെന്റർ. ലോകമെമ്പാടും ഇത്തരത്തിൽ 50 എക്സ്പീരിയൻസ് സെന്ററുകൾ തുറക്കാനുള്ള ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുവെയ്പ്പാണ് കൊച്ചിയിൽ കമ്പനി നടത്തിയിരിക്കുന്നത്.

അതിനൂതന സാങ്കേതികവിദ്യയും രൂപകൽപ്പനയും ഉപയോഗപ്പെടുത്തി ഇലക്ട്രിക്ക് മോട്ടോർ സൈക്കിളുകളുടെ വിപണിയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് ശ്രമിക്കുന്ന കമ്പനിയാണ് അൾട്രാവയലറ്റ്. ബെംഗളൂരുവിൽ കൈവരിച്ച വിജയമാണ് കമ്പനിയുടെ അടിത്തറ. 10.3 കിലോവാട്ട് ശേഷിയുള്ള എസ്ആർബി7 ലിഥിയം അയോൺ ബാറ്ററിയാണ് എഫ്77 മാക് 2 എന്ന കമ്പനിയുടെ മോഡലിന് കരുത്തേകുന്നത്. പകരംവെയ്ക്കാനില്ലാത്ത റേഞ്ചും പ്രകടനവുമാണ് ഈ മോഡൽ കാഴ്ചവെക്കുന്നത്. 8 ലക്ഷം കിലോമീറ്റർ ദൂരംവരെയാണ് ബാറ്ററിക്ക് അൾട്രാവയലറ്റ് വാറന്റി വാഗ്ദാനം ചെയ്യുന്നത്. വിപണിയിലെ ഏറ്റവും മികച്ച ഈ വാറന്റി പോളിസി, ആഗോള ഇലക്ട്രിക്ക് വാഹനബ്രാൻഡായ ടെസ്ലയെപ്പോലും മറികടക്കുന്നതാണ്.

അൾട്രാവയലറ്റ് മുന്നോട്ടുവെയ്ക്കുന്ന ലക്ഷ്യങ്ങളോട് അടുത്തുനിൽക്കുന്നതാണ് കൊച്ചിയിലെ പുതിയ കേന്ദ്രം. "ഡിസൈൻ ഇൻ ഇന്ത്യ, ഡിസൈൻ ഫോർ ദി വേൾഡ്" എന്ന ആശയം ഏറ്റെടുത്തുകൊണ്ടാണ് അൾട്രാവയലറ്റ് എഫ്77 മാക് 2 രൂപകൽപന ചെയ്തിട്ടുള്ളത്. ലോകോത്തര നിലവാരമുള്ള മികച്ച ഇലക്ട്രിക്ക് മോട്ടോർസൈക്കിൾ ആണ് എഫ്77 മാക് 2. പുതിയ എക്സ്പീരിയൻസ് സെന്റർ, കൊച്ചി നഗരത്തിലെ ഏറ്റവും വലിയ ഇലക്ട്രിക് ഷോറൂമാണ്. 3500 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള കേന്ദ്രത്തിൽ അൾട്രാവയലറ്റ് വാഹനങ്ങളുടെ സെയിൽസും സർവീസും സ്പെയർസും ഒരുക്കുന്ന 3 എസ് സമഗ്ര കേന്ദ്രമായി പ്രവർത്തിക്കും. സർവീസിന് അത്യാധുനിക സംവിധാനങ്ങളാണുള്ളത്. ബെംഗളൂരുവിലെ ആസ്ഥാനകേന്ദ്രത്തിലുള്ള വിദഗ്ധ ടെക്നീഷ്യന്മാരുടെ സേവനം തത്സമയം ഫോണിൽ ലഭിക്കും.

ഇലക്ട്രിക്ക് വാഹനങ്ങൾ ഇരുകൈയും നീട്ടി സ്വീകരിച്ച ശോഭനമായ ഒരു മാർക്കറ്റാണ് കൊച്ചി. എഫ്77 മാക് 2യിലൂടെ ഇലക്ട്രിക്ക് വാഹനങ്ങളോടിക്കുന്നതിന്റെ വേറിട്ടൊരനുഭവം കൊച്ചിക്കാർക്ക് നൽകാനാണ് ഉദ്ദേശമെന്ന് കൊച്ചിയിൽ ഷോറൂം തുറന്നതെന്ന് കമ്പനിയുടെ സഹസ്ഥാപകനും സിഇഒയുമായ നാരായൺ സുബ്രഹ്മണ്യം പറഞ്ഞു. ഇക്കൊല്ലത്തെ ദീപാവലിക്കുള്ളിൽ ഇത്തരത്തിലുള്ള 10 കേന്ദ്രങ്ങൾ തുറക്കാനും ആലോചനയുണ്ട്.

പുതിയ സാങ്കേതികവിദ്യകൾ ഏറ്റവുമാദ്യം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവരാണ് കൊച്ചിക്കാരെന്ന് അൾട്രാവയലറ്റിന്റെ സിടിഒയും സഹസ്ഥാപകനുമായ നീരജ് രാജ്മോഹൻ പറഞ്ഞു.

## ഓണം കളക്ഷനുമായി രാംരാജ് കോട്ടൺ




**കൊച്ചി:** പരമ്പരാഗത വസ്ത്രങ്ങളുടെ നമ്പർ വൺ ബ്രാൻഡായ രാംരാജ് കോട്ടൺ കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവും സമകാലിക ശൈലിയും സമന്വയിപ്പിച്ച് പുതിയ ഓണം കളക്ഷൻ അവതരിപ്പിച്ചു. ഓണാഘോഷത്തിന്റെ മാറ്റുകൂട്ടാൻ ഓരോ കുടുംബാംഗത്തിനും ചേർന്ന ഗംഭീര മുണ്ടുകളും സ്റ്റൈലിഷ് ഷർട്ടുകളുമാണ് ഈ എക്സ്ക്ലൂസീവ് കളക്ഷനിലുള്ളത്.കഥകളി, മഹാബലി, മയിൽപ്പീലി, ആന പ്രിന്റുകളിൽ അതിമനോഹരമായി രൂപകൽപ്പന ചെയ്ത വസ്ത്രങ്ങളാണ് ഈ കളക്ഷന്റെ പ്രത്യേകത. ഇവയോടൊപ്പം ഡയമണ്ട്, ട്രയാംഗിൾ പ്രിന്റുകളുമുണ്ട്. ലിനൻ പാർക്കിന്റെ ഷർട്ടുകൾക്കൊപ്പം തിരഞ്ഞെടുക്കാവുന്ന വേറിട്ട കരകളുള്ള മുണ്ടുകളും മിഴിവുറ്റ നിറങ്ങളിൽ രാംരാജ് കേരളക്കരയ്ക്കായി അവതരിപ്പിച്ചിരിക്കുന്നു. ഈ ഓണത്തിന് സ്റ്റൈലും സുഖവും പാരമ്പര്യവും ഒന്നിക്കുന്ന വസ്ത്ര നിരയാണ് രാംരാജ് ഒരുക്കിയിരിക്കുന്നതെന്ന് രാംരാജ് കോട്ടൻ സ്ഥാപകനും ചെയർമാനുമായ കെ.ആർ. നാഗരാജൻ പറഞ്ഞു.

## ഓണത്തിന് വാഹനങ്ങൾക്ക് വായ്പാ സ്കീമുകളുമായി മഹീന്ദ്ര ഫിനാൻസ്

**കൊച്ചി:** മഹീന്ദ്രാ ഗ്രൂപ്പിൻറെ ഭാഗമായ ഇന്ത്യയിലെ പ്രമുഖ നോൺ ബാങ്കിങ് ധനകാര്യ സ്ഥാപനമായ മഹീന്ദ്ര ഫിനാൻസ് ഓണത്തോടനുബന്ധിച്ച് കേരളത്തിന് പ്രത്യേക ഫിനാൻസിങ് സ്കീമുകളും ഓഫറുകളും പ്രഖ്യാപിച്ചു. പുതിയതും ഉപയോഗിച്ചതുമായ വാണിജ്യ, പാസഞ്ചർ വാഹനങ്ങൾക്കായാണ് ഓണക്കാല ഫിനാൻസിങ് സ്കീം ഓഫറുകൾ.

ഉപഭോക്താക്കൾക്ക് വളരെ നേട്ടങ്ങളുണ്ടാക്കുന്ന പ്രോസസിങ് ഫീസ് ഇളവ്, 100 ശതമാനം ഓൺ റോഡ് ഫണ്ടിങ്, ഇൻഷുറൻസ് ഫണ്ടിങ് തുടങ്ങിയവയും ആകർഷകമായ പലിശ ഇളവുകളും ഉൾപ്പടെയുള്ളതാണ് ഓണം ഓഫർ. കൂടാതെ ഫ്ളെക്സി റീപെയ്മെൻറ് അവസരവും ഉണ്ട്. സ്പോട്ട് അപ്രൂവൽ, അനായാസ നടപടികളോടെ നീണ്ട കാലാവധിയിൽ വായ്പാ, മിനിമം ഡോക്യുമെൻറേഷൻ തുടങ്ങിയവയിലൂടെ എളുപ്പത്തിൽ വായ്പ ലഭ്യമാക്കും. ഈ മാസം 17വരെയാണ് സ്പെഷ്യൽ സ്കീം ലഭ്യമായിട്ടുള്ളത്.



# ഡബിൾ ഹോഴ്സ് കരിക്ക് സാഗോ പായസം പുറത്തിറക്കി

**കൊച്ചി:** ഉയർന്ന ഗുണനിലവാരം, ആധുനികത, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നീ സവിശേഷതകളാൽ അറിയപ്പെടുന്ന രാജ്യത്തെ ഭക്ഷ്യവ്യവസായത്തിലെ പ്രമുഖ ബ്രാൻഡായ ഡബിൾ ഹോഴ്സ് തങ്ങളുടെ ഏറ്റവും പുതിയ ഉൽപ്പന്നമായ കരിക്ക് സാഗോ പായസം മിക്സ് വിപണിയിലിറക്കുന്നു. പായസക്കൂട്ടിൻറെ ഉദ്ഘാടനം ബ്രാൻഡ് അംബാസിഡറും പ്രശസ്ത നടിയുമായ മംമ്ത മോഹൻദാസ് ഡബിൾ ഹോഴ്സ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിനോദ് മഞ്ഞിലയുടെ സാന്നിധ്യത്തിൽ നിർവ്വഹിച്ചു.

65 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഫുഡ് ബ്രാൻഡായ മഞ്ഞിലാസ് ഫുഡ് ടെക് പ്രൈവറ്റ് ലിമിറ്റഡ് ഈ ഓണക്കാലത്ത് തങ്ങളുടെ ഏറ്റവും പുതിയ ഉൽപ്പന്നമായ ഡബിൾ ഹോഴ്സ് കരിക്ക് സാഗോ പായസം മിക്സ് വിപണിയിൽ ഇറക്കുകയാണ്. പായസം വിഭാഗത്തിൽ കേരളത്തിൽ മുൻപന്തിയിൽ ഉള്ള മഞ്ഞിലാസ് ഫുഡ് ടെക് പ്രൈവറ്റ് ലിമിറ്റഡ് പുതിയ പായസ കൂട്ടുകൾ വിപണിയിൽ ഇറക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഡബിൾ ഹോഴ്സ് കരിക്ക് സാഗോ പായസം ഇപ്പോൾ ഉദ്ഘാടനം ചെയ്തിരിക്കുന്നത്. ആദ്യ സീസണിൻറെ തകർപ്പൻ വിജയത്തെത്തുടർന്ന് നടത്തിയ ”ഗോൾഡൻ ഗേറ്റ് വേ സീസൺ 2’ ക്യാംപെയ്ൻ വിജയകരമായി മുന്നേറുകയാണ്. ഈ ക്യാംപെയ്നിലൂടെ മാരുതി സ്വിഫ്റ്റ് കാർ, സിംഗപ്പൂർ യാത്ര, സ്വർണ്ണനാണയം. എസി, റെഫ്രിജറേറ്റർ പോലുള്ള പ്രതിവാര സമ്മാനങ്ങൾ തുടങ്ങി അത്യാകർഷകമായ സമ്മാനങ്ങളാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത് . ഇത് കൂടാതെ ഓരോ പർച്ചേസിനും ഞം. 10 രൂപ മുതൽ 100 രൂപ വരെ ക്യാഷ് ബാക്കും ലഭിക്കുന്നു. ഈ ഓഫർ ഇപ്പോൾ പുട്ടുപൊടി, അപ്പംഇടിയപ്പംപത്തിരി പൊടികൾ, റവ, ശർക്കര പൊടി, ഈസി പാലപ്പം, ഈസി ഇടിയപ്പം, ഈസി പത്തിരി പൊടി, ഇൻസ്റ്റന്റ് ഇടിയപ്പം തുടങ്ങിയ ഉൽപ്പന്നങ്ങൾ വാങ്ങുമ്പോഴും ലഭ്യമാണ്. ”ഞങ്ങൾ ഡബിൾ ഹോഴ്സ് എക്കാലത്തും ഞങ്ങളുടെ ഉപഭോക്താക്കളുടെ താൽപര്യങ്ങൾക്കനുസരിച്ച് പാരമ്പര്യവും ആധുനികതയും ഒരുപോലെ സന്നിവേശിപ്പിക്കുന്ന നവീനവും ഉയർന്ന ഗുണനിലവാരവുമുള്ള ഉൽപ്പന്നങ്ങളാണ് നിർമ്മിക്കുന്നത്. ഈ ഓണത്തിന് നിങ്ങൾക്ക് ആസ്വാദനത്തിനൊപ്പം ആനന്ദവും കൂടി നൽകുന്ന പായസമാണ് ഞങ്ങൾ അവതരിപ്പിക്കുന്നത്. ഈ ഡബിൾ ഹോഴ്സ് കരിക്ക് സാഗോ പായസം മിക്സിലൂടെ പരമ്പരാഗത ഭക്ഷ്യോൽപ്പന്നങ്ങളെ ആധുനികതയുമായി സന്നിവേശിപ്പിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. ഈ പായസം മിക്സ് അതിവേഗം കേരളത്തിലെ വീടുകളിൽ ജനപ്രിയമായി മാറുമെന്ന് ഞങ്ങൾക്കുറപ്പാണ്. ഉപഭോക്താക്കൾക്ക് എന്നും ജനപ്രിയ ഓഫറുകളും റിവാർഡുകളും ഉറപ്പാക്കുന്നതിനാണ് ഞങ്ങൾ ഇപ്പോൾ ഗോൾഡൻ ഗേറ്റ് വേ ക്യാംപെയ്ൻ വീണ്ടും ഉദ്ഘാടനം ചെയ്തിരിക്കുന്നത്. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് എക്കാലവും ഓർമ്മയിൽ നിൽക്കുന്ന അനുഭവം നൽകുന്നതിനും നിരന്തരം ഞങ്ങളുടെ ഉൽപ്പന്നങ്ങളുമായുള്ള ബന്ധം നിലനിർത്തുന്നതിനുമാണ് ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് ഈ മേഖലയിൽ ഞങ്ങൾ ആദ്യമായി തുടക്കം കുറിച്ചന്നത്” ഡബിൾ ഹോഴ്സ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിനോദ് മഞ്ഞില പറയുന്നു.

ഡബിൾ ഹോഴ്സ് കരിക്ക് സാഗോ പായസം മിക്സ് ഇപ്പോൾ റീട്ടെയിലർ സ്റ്റോറുകളിലും ഇകോമേഴ്സ് പ്ലാറ്റ്ഫോമുകളിലും ലഭ്യമാണ്.

# ഇലക്ട്രിക് ഫോർ വീലർ ഇ സിയോയുമായി മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ്




**കൊച്ചി:** ലോക ഇവി ദിനത്തിൽ പുതിയ കൊമേഴ്സ്യൽ ഇലക്ട്രിക് ഫോർ വീലറിന്റെ പേര് വെളിപ്പെടുത്തി വിപണിയിലെ മുൻനിരക്കാരായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ) . സസ്റ്റൈനബിള് മൊബിലിറ്റിയിലെ പുതിയ ഇലക്ട്രിക് ഫോർ വീലറിനെ ഇ സിയോ എന്നാണ് പേര് നൽകിയിരിക്കുന്നത്. ‘സീറോ എമിഷൻ ഓപ്ഷൻ‘ എന്നതിന്റെ ചുരുക്കമാണ് സിയോ. ലാസ്റ്റ് മൈൽ മൊബിലിറ്റിയെ വൈദ്യുതീകരിക്കാനും ഉപഭോക്താക്കളെ അവരുടെ ജീവിതത്തിൽ അഭിവൃദ്ധിപ്പെടുത്താനുമുള്ള കമ്പനിയുടെ ദൗത്യത്തെ ഈ നീക്കം പ്രതിധ്വനിപ്പിക്കുന്നു.

മികച്ച വൈദ്യുതി കാര്യക്ഷമതയും ഉയർന്ന റേഞ്ചും അതിവേഗ ചാർജിംഗ് നൽകുന്ന കാര്യക്ഷമമായ ഹൈ വോൾട്ടേജ് ആർക്കിടെക്ചറോടുകൂടിയാണ് ഇ സിയോ വരുന്നത്. ഇത് ബിസിനസുകൾക്ക് അനുയോജ്യമായ തിരഞ്ഞെടുപ്പായി മാറും.

എല്ലാ വർഷവും സെപ്റ്റംബർ 9ന് ആഘോഷിക്കുന്ന ലോക ഇവി ദിനം സുസ്ഥിര ഗതാഗതത്തിനായുള്ള ആഗോള പ്രതിബദ്ധതയെ അടയാളപ്പെടുത്തുന്നു. ഈ പ്രസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഹരിത ഭാവിയിലേക്കുള്ള പരിവർത്തനത്തെ മുന്നിൽ നിന്ന് നയിക്കുന്നതിനുമുള്ള മഹീന്ദ്രയുടെ സമർപ്പണത്തിന്റെ തെളിവാണ് ഇ സിയോയുടെ അവതരണം.

മഹീന്ദ്ര ട്രസ്റ്റിന്റെ പിന്തുണയോടെ ഇ സിയോ നഗര ഗതാഗതം പുനക്രമീകരിക്കുകയും ഉപഭോക്താക്കളുടെ യാത്രാനുഭവം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. വാണിജ്യാടിസ്ഥാനത്തിലുള്ള ഫോർ വീലർ ഇമൊബിലിറ്റി വിപ്ലവത്തിൽ മഹീന്ദ്രയുടെ പുതിയ യുഗം അടയാളപ്പെടുത്തിക്കൊണ്ട് 2024 ഒക്ടോബർ 3ന് ഇ സിയോ ലോഞ്ച് ചെയ്യും.

# ഹെക്സവെയർ ടെക്നോളജീസ് ഐപിഒയ്ക്ക്

**കൊച്ചി:** നിർമ്മിത ബുദ്ധി അധിഷ്ഠിതമായി ആഗോള തലത്തിൽ സാങ്കേതികവിദ്യ, ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്ന ഹെക്സവെയർ ടെക്നോളജീസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

പ്രമോട്ടറായ സിഎ മാഗ്നം ഹോൾഡിംഗ്സിൻറെ (കാർലൈൽ പ്രൈവറ്റ് ഇക്വിറ്റിയുടെ ഒരു പങ്കാളി) 9,950 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ഓണത്തിന് ഇന്ത്യയുടെ എത്നിക് വെയർ കളക്ഷൻ

**കൊച്ചി:** ഫാബ് ഇന്ത്യ അവതരിപ്പിച്ചിരിക്കുന്ന എക്സ്ക്ലൂസീവ് എത്നിക് വെയർ കളക്ഷനുകൾക്കൊപ്പം ഓണത്തെ വരവേൽക്കാം, ഈ വർഷത്തെ ഓണാഘോഷത്തെ അവിസ്മരണീയമാക്കാം. പുരുഷന്മാർക്കും, സ്ത്രീകൾക്കും കുട്ടികൾക്കും അതിമനോഹരങ്ങളായ ട്രഡീഷണൽ, കണ്ടമ്പററി വസ്ത്രങ്ങൾ ഓണക്കാലത്ത് ഫാബ് ഇന്ത്യ തയ്യാറാക്കിയിരിക്കുന്നു. നെയ്തെടുത്ത സാരികൾ, വിശിഷ്ടമായ കുർത്തകൾ എന്നിങ്ങനെ ഓരോ വസ്ത്രത്തിലും പരമ്പരാഗത സാംസ്കാരികത്തനിമയും പുതിയ ഫാഷൻ ശൈലികളും സംയോജിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ ഓണാഘോഷങ്ങളുടെ ചാരുത ഫാബ് ഇന്ത്യയുടെ സവിശേഷ വസ്ത്രങ്ങൾക്കൊപ്പം കൂടുതൽ മനോഹരമാകുന്നതെങ്ങനെയെന്ന് നമുക്ക് നോക്കാം. ആഘോഷത്തിമിർപ്പിനൊപ്പം കാലാതീതമായ ചാരുതയാണ് ഉപഭോക്താക്കൾക്ക് ഫാബ് ഇന്ത്യ ഉറപ്പുനൽകുന്നത്.

